
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഒക്ടോബർ 30 | ദീപം 58 | നാളം 34 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# അഫ്ഗാൻബന്ധത്തിന്റെ അണിയറയിലെന്ത്?




അഡ്വ.
വി.സി.സെബാസ്റ്റ്യൻ


അഫ്ഗാനിസ്ഥാൻ ഭരിക്കുന്ന താലിബാനുമായി സൗഹൃദവും നയതന്ത്രവും പുനഃപ്രതിഷ്ഠിക്കുന്നതിലൂടെ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നതെന്ത്? ശത്രുവിന്റെ ശത്രുവിനെ മിത്രമാക്കുമ്പോൾ വീണ്ടും തിരിച്ചടി നേരിടേണ്ടിവരുമോ? ഭീകരതയെ അടിച്ചമർത്തുവാൻ അരയും തലയും മുറുക്കി രംഗത്തുവന്ന ഭരണനേതൃത്വങ്ങൾ ആഗോളഭീകരതയുടെ അവതാരങ്ങളായ താലിബാനെ ചേർത്തുപിടിച്ച് ആശ്ലേഷിക്കുകയോ? ഇന്ത്യ വളരെ രഹസ്യമായി സൂക്ഷിച്ച് ഇപ്പോൾ പുറംലോകം ചർച്ചചെയ്യുന്ന അഫ്ഗാനിസ്ഥാൻ-താലിബാൻ ബന്ധത്തിന്റെ പിന്നിൽ രാജ്യത്തിനു വ്യക്തമായ അജണ്ടകളും ദീർഘവീക്ഷണപദ്ധതികളുമുണ്ട്. അതിർത്തികളിലെ നിലനില്പ് മാത്രമല്ല രാജ്യാന്തരബന്ധങ്ങളിലെ ആനുകാലികമാറ്റങ്ങൾക്കനുസരിച്ച് ഇന്ത്യയുടെ വിദേശകാര്യനയതന്ത്രനിലപാടുകളിൽ പൊളിച്ചെഴുത്തും അനിവാര്യമാകുമെന്ന സൂചനയാണ് അഫ്ഗാനിസ്ഥാൻ ഭരണകൂടവുമായി പുനരാരംഭിച്ച കൂട്ടുകെട്ട്.

### അതിർത്തിയിലെ അപകടകാരികൾ

ആഗോളതലത്തിൽ നാലാം സാമ്പത്തികശക്തിയായി ഇന്ത്യ കുതിക്കുമ്പോഴും ഇന്ത്യയുടെ വളർച്ചയെ തടയിടുവാനുള്ള പദ്ധതികൾ അയൽ രാജ്യങ്ങളുടെ അണിയറയിൽ സജീവമാണ്. അമേരിക്കയെ പ്രതിരോധിക്കുവാൻ ചൈനയുമായി കൈകോർത്തെങ്കിലും ഈ പുത്തൻബന്ധത്തിന്റെ നിലനില്പ് എത്രനാൾ എന്ന ചോദ്യം ബാക്കിയാവുന്നു. ഇന്ത്യാ-ചൈനബന്ധത്തിലെ ആത്മാർത്ഥത പുറമേയുള്ള ചടങ്ങുകൾക്കപ്പുറം ഉൾക്കൊള്ളാൻ ഇരുരാജ്യങ്ങൾക്കും ഇനിയുമായിട്ടില്ല. ഇന്ത്യയുടെ തെക്കുള്ള ശ്രീലങ്കയ്ക്ക് കടക്കെണിയിൽ കൈത്താങ്ങായി ഇന്ത്യ മാറിയെങ്കിലും ഇവിടെ ചൈനയുടെ നിയന്ത്രണം ഇന്നും ശക്തമാണ്. ഹമ്പൻതോട്ട തുറമുഖം ചൈനയുടെ നിയന്ത്രണത്തിലാണ്. കൊളംബോ-ജാഫ്ന ഹൈവേയും ചൈനയ്ക്കുമുമ്പിൽ ശ്രീലങ്ക അടിയറവ് വച്ചിരിക്കുന്നു. ശ്രീലങ്കൻ പ്രധാനമന്ത്രിയുടെ ഇന്ത്യാസന്ദർശനം ഔപചാരികതയ്ക്കപ്പുറം നേട്ടമാവുകയില്ല.

ഇന്ത്യയുടെ നിത്യശത്രുവായി പാക്കിസ്ഥാൻ മാറിയിട്ട് നാളുകളേറെയായി. 1971 ൽ ആയിരക്കണക്കിന് ഇന്ത്യൻ ഭടന്മാരുടെയും പൗരന്മാരുടെയും ചുടുനിണം ചിന്തി ജന്മമേകിയ ബംഗ്ലാദേശ്പോലും ഭീകരപ്രസ്ഥാനങ്ങളുടെ താവളമായി ഇന്ത്യയ്ക്കെതിരേ വിഷം ചീറ്റുന്നു. പാക്കിസ്ഥാൻ-ബംഗ്ലാദേശ് മതഭീകരത അയൽപക്കത്തുനിന്ന് അതിർത്തികൾ കടന്ന് ആക്രോശിക്കുകയും ആക്രമിക്കുകയും ചെയ്യുന്നത് നിത്യസംഭവങ്ങളാണ്. ജെൻസി പ്രക്ഷോഭത്തിന്റെ മറവിൽ ഭീകരവാദികൾ നേപ്പാളിലും തമ്പടിച്ചിരിക്കുന്നു. മ്യാൻമറിൽ വർഷങ്ങളായി തുടരുന്ന ആഭ്യന്തരപ്രശ്നങ്ങൾ സമാധാനകാംക്ഷികളായ ബുദ്ധമതക്കാരെ നിലനില്പിനായി ആയുധമെടുപ്പിക്കുവാൻ പ്രേരിപ്പിച്ചു. മ്യാൻമർവിട്ട് പലായനം ചെയ്തവരാകട്ടെ ബംഗ്ലാദേശിലൂടെ ബംഗാളിലെത്തി അതിഥിത്തൊഴിലാളികളായി ഇന്ത്യയിൽ വിലസുന്നുവെന്ന് കേന്ദ്രസർക്കാർ വിശദീകരിക്കുന്നു. ഇങ്ങനെ ഇന്ത്യയുടെ അയൽ രാജ്യങ്ങൾ ചൈനയുടെ സമ്പൂർണ്ണ നിയന്ത്രണത്തിലേക്കു വഴുതിമാറുമ്പോഴാണ് അഫ്ഗാനിലെ താലിബാൻഭരണകൂടവുമായി ബന്ധപ്പെടാൻ കേന്ദ്രസർക്കാർ ഒരുങ്ങിയത്. പാക്കിസ്ഥാനുമായി അടുത്തനാളിൽ രൂപപ്പെട്ട അതിരറ്റ അമേരിക്കൻ സ്നേഹവും ഇന്ത്യയെ ശത്രുവിന്റെ ശത്രുവിനെ മിത്രമാക്കുവാനുള്ള തന്ത്രത്തിലെത്തിച്ചു.

അതേസമയം 2024 ഒക്ടോബർ 22ന് റഷ്യയിൽ നടന്ന പതിനഞ്ചാമത് ബ്രിക്സ് ഉച്ചകോടിയിൽ തുടങ്ങിയ ഇന്ത്യാ-ചൈന അനുരഞ്ജനം പുറമേയെങ്കിലും വളർന്നുവരുന്നുണ്ട്. 2025 സെപ്റ്റംബർ 1 ന് ചൈനയിലെ ടിയാൻജിനിൽ സമാപിച്ച ഷാങ്ഹായ് ഉച്ചകോടിയിൽ കൂടുതൽ അടുത്ത സമീപനങ്ങൾ ചൈന സ്വീകരിച്ചു. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 2026ലെ 18-ാം ബ്രിക്സ് ഉച്ചകോടിയിൽ ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ് എത്തിച്ചേരുമെന്നും അറിയിച്ചിട്ടുണ്ട്. ഈ ചൈന-ഇന്ത്യ അടുപ്പത്തിന്റെയെല്ലാം പിന്നിൽ അമേരിക്കയുടെ തീരുവയുദ്ധമുണ്ട്. പക്ഷേ, ചൈനയെ എത്രമാത്രം വിശ്വസിക്കാമെന്നു കണ്ടറിയണം. ഇതിനുള്ള ഒരു മുൻകരുതലായി ഇന്ത്യയും അഫ്ഗാനുമായുള്ള പുത്തൻബന്ധത്തെ കാണാവുന്നതാണ്. പാക്കിസ്ഥാനോടുള്ള മധുരപ്രതികാരമായിട്ടും ഇതിനെ വ്യാഖ്യാനിക്കാം.

### മാനുഷികപരിഗണനകൾ

അഫ്ഗാൻജനതയോടുള്ള മാനുഷികപരിഗണനയാണ് താലിബാൻ ഭരണത്തിലും ഒട്ടേറെ സഹായങ്ങൾ നൽകി ഇന്ത്യ ലക്ഷ്യം വച്ചത്. ഭീകരവാദം തകർത്ത സമ്പദ്ഘടനയിൽ ഭക്ഷണത്തിനും മരുന്നിനും കഷ്ടപ്പെടുന്ന ജനസമൂഹമാണ് അഫ്ഗാനിസ്ഥാനിലുള്ളത്. ശരിയത്ത് നിയമങ്ങൾ അടിച്ചേല്പിച്ച് ജനസ്വാതന്ത്ര്യംപോലും കൂച്ചുവിലങ്ങിട്ട ഭരണത്തിന്റെ അടുത്തനാളിലെ പ്രഖ്യാപനമായ സോഷ്യൽ മീഡിയയുടെയും ഇന്റർനെറ്റിന്റെയും നിരോധനം വൻതിരിച്ചടി ഏറ്റുവാങ്ങി. ലഹരിയുത്പന്നങ്ങളുടെയും മയക്കുമരുന്നുഫാക്ടറികളുടെയും ആഗോളകുത്തകയും കയറ്റുമതിക്കാരുമാണ് താലിബാൻ. അതേസമയം ഭക്ഷണത്തിനായി പണമില്ലാതെ മക്കളെപ്പാലും വിൽക്കുന്ന പിതാക്കന്മാരുടെ നാടായി അഫ്ഗാൻ തകർന്നടിഞ്ഞിരിക്കുന്നു. ജനജീവിതത്തെ കൂച്ചുവിലങ്ങിട്ട് തുറുങ്കിലടയ്ക്കുന്ന ഇവരുമായി സന്ധിചെയ്യാൻ ജനാധിപത്യരാജ്യമായ ഇന്ത്യയ്ക്കാവുമോ എന്ന ചോദ്യം സ്വാഭാവികമാണ്.

അഫ്ഗാൻതാലിബാന്റെ മറ്റൊരു പതിപ്പായ പാക്താലിബാനും ഇന്ന് ശക്തമായി ഭീകരാക്രമണം അഴിച്ചുവിടുന്നു. കൂട്ടക്കൊലകൾ നടത്തി ജനങ്ങളിൽ ഭീതി സൃഷ്ടിക്കുന്നു. 1996 ൽ അഫ്ഗാൻഭരണം താലിബാൻ പിടിച്ചെടുത്ത് 5 വർഷത്തിനുശേഷം അമേരിക്കൻ സഖ്യസേന ഇവരെ പുറത്താക്കി.

12

# എന്തിനാണ് ഈ ജപമാല?



ജോസ് വഴുതനപ്പിള്ളി

എഴുത്തും വായനയും അറിയാത്ത നമ്മുടെ പൂർവികർ പണ്ടേ ഹൃദിസ്ഥമാക്കിയതാണ് ജപമാലയുടെ രഹസ്യങ്ങൾ. അന്നു നമ്മുടെ അമ്മൂമ്മമാരും അപ്പൂപ്പന്മാരും കുട്ടികളെ പഠിപ്പിച്ച ഏറ്റവും വലിയ പ്രാർഥനയാണ് കൊന്തനമസ്കാരം. ഈ ആധുനികകാലത്തുപോലും കാഴ്ചയില്ലാത്തവരും കേൾവിയില്ലാത്തവരും പോലും നിരന്തരം കൊന്ത ചൊല്ലിയാണ് അവരുടെ വിശ്വാസത്തെ ജ്വലിപ്പിച്ചുനിർത്തുന്നത്. നാമെല്ലാവരെയും വിശ്വാസത്തിലേക്കു വലിച്ചടുപ്പിക്കുന്ന സ്നേഹച്ചങ്ങലയാണ്, സ്വർഗവാതിലാണ് അമ്മമേരി തുറന്നുതരുന്ന ഈ മഹാദ്ഭുതം. അകത്തോലിക്കർപോലും ഇന്നു കൊന്ത സമ്മാനമായി നൽകുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

കുറെയേറെ 'നന്മനിറഞ്ഞ മറിയം' ചൊല്ലുന്നത് വെറും ജല്പനമെന്നു പറഞ്ഞ് അവഗണിക്കുന്നവരോട് ഒരു വാക്ക്. ഇവയ്ക്കൊപ്പം നാം രഹസ്യങ്ങൾ ചൊല്ലുന്നു. ഒരു രഹസ്യത്തിന് അഞ്ചെണ്ണം വീതം നാലു രഹസ്യത്തിനുംകൂടി 20 വിഷയങ്ങൾ നാം ധ്യാനിക്കുന്നു. ഈ രഹസ്യങ്ങൾ ഓരോന്നും ബൈബിളിലെ ഓരോരോ മുഹൂർത്തങ്ങൾ കോർത്തിണക്കിയതാണ്. നമ്മുടെ വിശ്വാസത്തിന്റെ ദിവ്യപ്രഭ തൂകിനിൽക്കുന്ന അവിസ്മരണീയരംഗങ്ങളാണത്.

ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും, വിശ്വാസികൾ മുടങ്ങാതെ ചൊല്ലുന്ന പ്രാർഥനയാണിത്. ചൈനയിലും മറ്റും ദൈവാലയങ്ങൾ അടിച്ചുപൊളിക്കപ്പെട്ടപ്പോൾ വിശ്വാസികൾ രഹസ്യമായി ഏതെങ്കിലും വീട്ടിൽ ഒത്തുചേർന്ന് കൊന്തനമസ്കാരം ചൊല്ലിയിരുന്നു. ഈ അടുത്തകാലത്ത് സിങ്കപ്പൂരിലെ ഒരു ദൈവാലയത്തിൽനിന്ന് കുറെ വിശ്വാസികൾ ഇന്തോനേഷ്യയിലെ ബിന്ദാനിലേക്കു ഒരു വിനോദയാത്രയ്ക്കു പോയി. മക്കളെ കാണാനെത്തിയ ഞാനും ഭാര്യയും ഇക്കൂടെ ഉണ്ടായിരുന്നു. പകൽ മുഴുവൻ കാഴ്ചകൾ കണ്ടു നടന്നശേഷം വൈകിട്ട് അത്താഴം കഴിഞ്ഞു ഞങ്ങൾ ഒരു മരച്ചുവട്ടിൽ ഒത്തുകൂടി. പെട്ടെന്ന് ഒരു വീട്ടമ്മ പറഞ്ഞു: "നമുക്ക് കൊന്ത ചൊല്ലിയാലോ?" പിന്നീടങ്ങു ഭക്തിനിർഭരമായ ഏതാനും മിനിറ്റുകളായിരുന്നു. ജപമാല കഴിഞ്ഞപ്പോൾ എല്ലാവരും ചേർന്ന് മാതാവിന്റെ നല്ലൊരു പാട്ടും പാടി. ദിവസേന ദൈവാലയത്തിലേക്കു നടക്കുമ്പോൾ കൈയിൽ കൊന്തയുരുട്ടി ജപമാല അർപ്പിക്കുന്ന അനേകം വീട്ടമ്മമാരുണ്ട്. അവർ പ്രാപിക്കുന്ന അനുഗ്രഹങ്ങൾ അവർണനീയമാണ്. അമ്മമേരിയുടെ വിരൽപ്പാടുകൾ നിത്യം പതിയുന്ന അനുഗൃഹീതമായ ഒരു വിശിഷ്ട ഉപകരണമാണ് – സാത്താനുനേരേയുള്ള ആയുധമാണ് കൊന്തയെന്ന കാര്യത്തിൽ സംശയം വേണ്ട.

**ജപമാലരഹസ്യങ്ങൾ**

യേശുവിന്റെയും അമ്മമേരിയുടെയും ജീവിതത്തിലൂടെ നാം നടത്തുന്ന ധ്യാനനിർഭരമായ യാത്രയാണ് ജപമാല.

ഗബ്രിയേൽമാലാഖ ദൈവകല്പന അറിയിക്കുന്നിടത്താണ് സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങൾ തുടങ്ങുക ഏലീശ്വാ ഗർഭിണിയായി എന്നു കേട്ടപ്പോൾ അവിടെച്ചെന്ന് മൂന്നുമാസം അവൾക്കു ശുശ്രൂഷ ചെയ്യുന്നുണ്ട് മറിയം. ഒരു ഗ്രീഷ്മരാത്രിയിൽ അശരണയായി എത്തി ഒരു പുൽക്കൂട്ടിൽ മാലാഖമാരെ മാത്രം സാക്ഷിയാക്കി മറിയം ദൈവകുമാരനെ പ്രസവിക്കുന്ന മനോഹരമായ രംഗമാണ് അടുത്തത്. ശുദ്ധീകരണനാളിൽ ദൈവാലയത്തിൽ കൊണ്ടുചെന്നു ദൈവത്തിനു ശെമയോൻ സാക്ഷിയായി കാഴ്ച വയ്ക്കുന്നതാണ് നാലാം രഹസ്യം. 12 വയസ്സുള്ളപ്പോൾ കാണാതായ യേശു ദൈവാലയത്തിൽ വേദശാസ്ത്രികളുമായി ആശയങ്ങൾ പങ്കിടുന്ന കാഴ്ചയാണ് അഞ്ചാം രഹസ്യത്തിൽ.

പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിൽ യോഹന്നാന്റെ കരങ്ങളിൽനിന്ന് ജോർദാൻനദിയിൽവച്ച് സ്നാനപ്പെടുമ്പോൾ ഒരു പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നതാണ് ഇവൻ ദൈവത്തിന്റെ പ്രിയപുത്രനാണ് എന്നതിന്റെ നമുക്കു കിട്ടുന്ന പ്രഥമ സാക്ഷ്യം. കാനായിലെ ജലം വീഞ്ഞാക്കുന്ന അദ്ഭുതവും അതിനായുള്ള അമ്മയുടെ മാധ്യസ്ഥ്യവുമാണ് അടുത്ത ധ്യാനവിഷയം. മരുഭൂമിയിലെ ഒരുക്കങ്ങൾക്കുശേഷം ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചു സുവിശേഷം പ്രസംഗിക്കാൻ തുടങ്ങുന്നതാണ് അടുത്തത്. താബോർ മലമുകളിൽ പ്രിയപ്പെട്ട ശിഷ്യന്മാർ കാൺകെ രൂപാന്തരപ്പെട്ടു തന്റെ സ്വർഗീയമഹത്ത്വം വെളിപ്പെടുത്തുന്നു. അഞ്ചാംരഹസ്യത്തിൽ സെഹിയോൻ ഊട്ടുശാലയിൽ പാദങ്ങൾ കഴുകി സ്നേഹത്തിന്റെ പുതിയ വ്യാകരണം ഓതിക്കൊടുത്ത്, അതിന്റെ ശാശ്വതസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുന്നു.

യേശുവിന്റെ പീഡാനുഭവത്തിന്റെ, മനുഷ്യകുലത്തിനായുള്ള ജീവാർപ്പണത്തിന്റെ ആർദ്രമായ നിമിഷങ്ങളാണ് ഇനി. ദുഃഖകരമായ രഹസ്യങ്ങളിലേക്കു പ്രവേശിക്കുമ്പോൾ പൂങ്കാവനത്തിൽ രക്തം വിയർത്തു നിൽക്കുന്ന യേശുവിനെയാണ് ആദ്യം കാണുക. പിന്നീട് പീലാത്തോസിന്റെ ഭവനത്തിൽ തൂണിൽ കെട്ടിയിട്ടു ചമ്മട്ടികൊണ്ടു പട്ടാളക്കാർ അടിക്കുന്നു. യൂദന്മാർ മുൾമുടി ധരിപ്പിച്ച് അധിക്ഷേപിക്കുന്ന രംഗമാണടുത്തത്. അധികം അപമാനവും വ്യാകുലവും സമ്മാനിച്ച ക്രൂശുംകൊണ്ടുള്ള മലകയറ്റമാണ് പിന്നീടുള്ള ധ്യാനവിഷയം. വ്യാകുല സമുദ്രത്തിൽ മുങ്ങിനിന്ന പ്രിയമാതാവിന്റെ മുമ്പിൽവച്ച് വസ്ത്രങ്ങൾ അവർ ഉരിഞ്ഞെടുത്തു ക്രൂശിന്മേൽ കാരിരുമ്പാണികൾ കുത്തിത്തറച്ചു കൊല്ലുന്ന ക്രൂരത നിറഞ്ഞ ചിത്രമാണ് പിന്നെ.

മഹിമയുടെ രഹസ്യങ്ങളിൽ ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നേൽക്കുന്ന, മൃത്യുവിനെ ജയിച്ച യേശുവിനെയാണ് നാം കൊണ്ടാടുന്നത്. ഉയിർപ്പില്ലായിരുന്നെങ്കിൽ ക്രിസ്ത്യാനി ഉണ്ടാകുമായിരുന്നില്ല. ഉയിർപ്പാണ് നമ്മുടെ വിശ്വാസത്തിന്റെ നാഴികക്കല്ല്. അതില്ലായിരുന്നെങ്കിൽ പാഴായിപ്പോകുമായിരുന്നു നമ്മുടെ ജന്മങ്ങൾ എന്നു നാം വിശ്വസിക്കുന്നു.

നാല്പതാംനാൾ ജയഘോഷങ്ങളോടെ തന്റെ ദിവ്യമാതാവും ശിഷ്യന്മാരും കണ്ടുനിൽക്കെ സ്വർഗാരോഹണം ചെയ്യുന്ന ക്രിസ്തുവിനെക്കുറിച്ചാണ് പിന്നെയുള്ള ധ്യാനം. പിതാവിന്റെ വലത്തുഭാഗത്തെഴുന്നള്ളിഇരുന്നശേഷം സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിന്റെമേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അയച്ചു എന്ന ധ്യാനമാണ് അടുത്തത്. കന്യകമാതാവിനെ സ്വർഗത്തിലേക്കു മാലാഖമാർ ഉയർത്തുന്ന രംഗമാണ് പിന്നെ. സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി നക്ഷത്രകിരീടം അണിഞ്ഞു മുടിചൂടി നിൽക്കുന്ന പ്രഭാവതിയായ അമ്മമേരിയെയാണ് നാം അവസാനമായി ധ്യാനിക്കുക.

**വേദനകളിൽ ആശ്വാസം**

വൈകാരികവും ശാരീരികവുമായ ശക്തി ആർജിക്കാൻ ഒരു ഉപാധിയാണ് ബോധപൂർവമായ ജപമാലയർപ്പണം. യേശുവിന്റെ ജീവിതത്തെയും സന്ദേശങ്ങളെയും ആഴത്തിൽ മനസ്സിലാക്കാനും അതു സ്വന്തം ജീവിതത്തിൽ പകർത്താനും നമുക്ക് നിത്യേനയുള്ള ഈ ജപമാല സഹായകമാകുന്നു. ക്ഷമയും സഹവർത്തിത്വവും ദീനാനുകമ്പയും നമ്മിൽ വളരാനും തിന്മയുടെ ശക്തികളെ നമ്മിൽനിന്നകറ്റിനിർത്താനും ഇതിനു കഴിയും. പാപമോഹങ്ങളിൽനിന്നു മോചനം, ആത്മീയമായ ശക്തി ഇതെല്ലാം നമുക്കു തരാൻ അമ്മയുടെ സഹായം നമുക്കു ലഭിക്കുന്നു. ആന്തരികസമാധാനം, പ്രശാന്തമായ മനസ്സ്, മനസ്സ് കലുഷിതമാകുമ്പോൾ സമാശ്വാസം ഇതെല്ലാം സാധ്യമാകാൻ ജപമാലയർപ്പിക്കാം. നിത്യജീവിതത്തിന്റെ വെല്ലുവിളികളെ സധീരം നേരിടുവാൻ അമ്മയുടെ അനുഗ്രഹം നമുക്കാവശ്യമാണ്.

**ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ**

ജപമാലയർപ്പണത്തിലൂടെ പ്രകടമാകുന്ന ആരോഗ്യപരമായ മാറ്റങ്ങളെക്കുറിച്ചു ചില ശാസ്ത്രീയമായ കണ്ടെത്തലുകളുണ്ട്. ആരോഗ്യത്തിന്റെയും സന്തുഷ്ടജീവിതത്തിന്റെയും കാര്യത്തിൽ ക്രിയാത്മകമായ സ്വാധീനവും പ്രഭാവവും സൃഷ്ടിക്കാൻ ഈ പ്രാർഥനയും ധ്യാനവും ഉപകരിക്കുന്നു. അനുക്രമമായ പ്രാർഥനാജപങ്ങൾ നമ്മുടെ ശ്വാസോച്ഛ്വാസത്തെയും ഹൃദയമിടിപ്പിനെയും ക്രമീകരിക്കും. തന്മൂലം മാനസികമായി നമുക്ക് ഒരു പ്രശാന്തത കൈവരുന്നു. നമ്മുടെ നാഡീവ്യൂഹത്തെ മൊത്തത്തിൽ ഗുണകരമായ രീതിയിൽ നിലനിർത്താൻ ഇതു സഹായകമാകുന്നു. വിരലുകളുടെ ക്രമാനുസൃതമായ ചലനങ്ങൾപോലും പ്രയോജനകരമാണ്. ബ്ലഡ്പ്രഷർ കുറയ്ക്കാനും ഹൃദയസംബന്ധമായ പ്രവർത്തനം മെച്ചപ്പെടുത്താനും, ശ്വാസഗതി മെച്ചമാക്കി രക്തചംക്രമണം ത്വരിതഗതിയിലാക്കാനും ജപമാല ഉപയുക്തമാണ്.

ഡിപ്രെഷൻ, മനോസമ്മർദങ്ങൾ, ആകുലത, അമിതമായ ഉത്കണ്ഠകൾ ഇതിൽനിന്നെല്ലാം മോചനം നേടിത്തരാനും ജപമാലയ്ക്കു കഴിയും. മനോസമ്മർദങ്ങൾ ഒഴിവാകുമ്പോൾ മെച്ചപ്പെട്ട രോഗപ്രതിരോധശേഷിയും നമുക്കുണ്ടാകും.





**ജപമാലയുടെ അപദാനങ്ങൾ**

'സീക്രെട്ട് ഓഫ് റോസറി' എന്ന വിശ്വവിഖ്യാതമായ പുസ്തകത്തിന്റെ രചയിതാവും മരിയൻഭക്തിയുടെ ലോകം കണ്ടതിൽ വച്ചേറ്റവും പ്രസിദ്ധനായ അപ്പസ്തോലനുമായ മോണ്ട്ഫോർട്ട് പറയുന്നു: "ഇതൊരു വിലമതിക്കാനാകാത്ത, ദൈവപ്രചോദിതമായ നിധിയാണ്; നമ്മുടെ രക്ഷകനായ യേശുവിന്റെ ഹൃദയത്തിൽ തൊടാനുള്ള ഉപാധിയാണ്. കാരണം, അവൻ അമ്മയെ സ്നേഹിക്കുന്നുണ്ട്. സെന്റ് റോസ് മരിയ നമ്മെ പ്രോത്സാഹിപ്പിക്കുന്നുണ്ട് – മുടങ്ങാതെ വിശ്വാസത്തോടെയും സ്നേഹചൈതന്യത്തോടെയും കൊന്ത ചൊല്ലാൻ. അതുവഴി നമുക്ക് യേശുവിന്റെ പാതയിലൂടെ മുന്നേറാൻ അവൾ ശക്തി നൽകും. നരകത്തിനെതിരേ ശക്തമായ പരിചയൊരുക്കി തിന്മയെയും പാഷണ്ഡതയെയും മതവിരുദ്ധവാദത്തെയും ഒക്കെ തളയ്ക്കാൻ നമുക്ക് ജപമാല മതി. സമാധാനവും പ്രശാന്തിയും കൈവരാൻ നാം നിരന്തരം ജപമാല ചൊല്ലണം. പരിശുദ്ധ ലെയോ പതിമൂന്നാമൻ പാപ്പാ അടിവരയിട്ടു പറയുന്ന കാര്യമിതാണ്: "സ്വർഗീയ സൗഭാഗ്യം നേടാൻ ഇതിനെക്കാൾ ഫലസിദ്ധിയുള്ള അത്യുത്കൃഷ്ടമായ മറ്റൊരു പ്രാർഥനയില്ല. നമ്മുടെ എല്ലാ തിന്മകളെയും ഇല്ലായ്മ ചെയ്തു വരപ്രസാദം നിറയ്ക്കുന്ന ഈ പ്രാർഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. നമ്മുടെ മരണനേരത്തും." അമ്മയോടു കൃപ ചൊരിയാനാണ് നാം പ്രാർഥിക്കുന്നത്.

■



**വചനനാളം**

നവംബർ 2
പള്ളിക്കൂദാശക്കാലം
ഒന്നാം ഞായർ

പുറ 40:17–29, 34–38
ഏശ 6:1–8
1 കോറി 13:1–13
മത്താ 16:13–19



# സ്വർഗത്തിന്റെ താക്കോൽ



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

ആരാധനക്രമവത്സരത്തിലെ അവസാനത്തെ നാലു ഞായറാഴ്ചകൾ ഉൾക്കൊള്ളുന്ന പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. മിശിഹായുടെ പീഡാനുഭവ കുരിശുമരണോത്ഥാനരഹസ്യങ്ങളിലൂടെ രക്ഷിക്കപ്പെട്ട സഭ മിശിഹായോടൊപ്പം സ്വർഗീയജറുസലേമിൽ പ്രവേശിക്കുന്നതും അവിടുത്തോടൊപ്പം നിത്യം പിതാവിന്റെ ഭവനത്തിൽ വസിക്കുന്നതുമാണ് ഈ അവസരത്തിൽ തിരുസ്സഭാമാതാവ് ധ്യാനവിഷയമാക്കുന്നത്. സഭയുടെ യുഗാന്തോന്മുഖസ്വഭാവവും ദൈവസന്നിധിയിലുള്ള സമർപ്പണവുമാണ് പ്രധാന ചിന്താവിഷയം. പഴയനിയമത്തിൽ കാണുന്ന നാല് പ്രതിഷ്ഠാസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നാല് ആഴ്ചകളായി ഈ ആരാധനാവത്സരത്തെ ക്രമീകരിച്ചിരിക്കുന്നു: മൂശയുടെ സമാഗമകൂടാരപ്രതിഷ്ഠ (പുറ 40:1–29); ഇസ്രയേൽ ജനം ഷീലോയിൽ പ്രതിഷ്ഠിച്ച സമാഗമകൂടാരം (ജോഷ 18:1); സോളമന്റെ ദൈവാലയപ്രതിഷ്ഠ (1 രാജ 8: 2 ദിന 6:17); ജോഷ്വായുടെയും സെറൂബാബേലിന്റെയും നേതൃത്വത്തിലുള്ള രണ്ടാം ദൈവാലയപ്രതിഷ്ഠ (എസ്രാ 3:2) എന്നിവയാണ് ആ നാലു പ്രതിഷ്ഠകൾ. മിശിഹാ സ്ഥാപിച്ച സഭ യുഗാന്ത്യത്തിൽ ദൈവപിതാവിന്റെ സന്നിധിയിൽ പ്രതിഷ്ഠിക്കുന്നതിന്റെ പഴയനിയമപ്രതിരൂപങ്ങളായി ഈ സംഭവങ്ങളെയെല്ലാം കാണാൻ സാധിക്കും. ഈ കാലത്തെ ദൈവവചനവായനകളെല്ലാം ഈ ചൈതന്യം നിലനിർത്തുന്നതാണ്.

ആദ്യഞായറാഴ്ച പ്രഘോഷിക്കുന്ന ദൈവവചനഭാഗങ്ങളിൽ ഒന്നാമത്തേത് പുറപ്പാട് പുസ്തകം 40-ാം അധ്യായത്തിൽനിന്നുള്ളതാണ്. മൂശയോട് തനിക്കു ജനത്തിന്റെകൂടെ വസിക്കുന്നതിന് ഒരു കൂടാരവും അതിനുള്ളിൽ ഒരു പേടകവും നിർമിക്കാൻ ദൈവം ആവശ്യപ്പെടുന്നതും അഭിഷേകതൈലം കൊണ്ട് കൂടാരവും അതിലുള്ള സകലവും അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കാൻ നിർദേശിക്കുന്നതുമാണ് ഈ അധ്യായം ആദ്യഭാഗത്തു വിവരിക്കുന്നത്. തുടർന്നുള്ള വചനഭാഗമാണ് ഇന്നത്തെ ഒന്നാമത്തെ വായന. കർത്താവിന്റെ വാക്കനുസരിച്ച് കൂടാരം ക്രമീകരിക്കുന്നതും ബലിപീഠം സ്ഥാപിച്ച് അവിടുത്തേക്കു ബലിയർപ്പിക്കുന്നതുമാണ് പ്രതിപാദ്യം. ദൈവാലയങ്ങളും അൾത്താരകളും കർത്താവിന്റെ വാക്കനുസരിച്ച് ക്രമീകരിക്കണമെന്നു തിരുവചനം ഓർമിപ്പിക്കുന്നു.

> **സഭ മിശിഹാ സ്ഥാപിച്ചതാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ് മിശിഹാ എന്ന് ഏറ്റുപറഞ്ഞ പത്രോസിന്റെ വിശ്വാസമാകുന്ന പാറമേലാണ് മിശിഹാ സഭയെ സ്ഥാപിച്ചത്. സഭയുടെ ദൗത്യം സ്വർഗത്തെ ഭൂമിയുമായും ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുക എന്നതാണ്. സ്വർഗത്തിന്റെ കവാടവും താക്കോലുമാണ് സഭ. സഭയിലൂടെയാണ് എല്ലാവരും സ്വർഗത്തിലേക്കു പ്രവേശിക്കുന്നത്.**

ഏശയ്യാപ്രവാചകനുണ്ടായ സ്വർഗദർശനമാണ് പ്രവാചകഗ്രന്ഥത്തിൽനിന്നു വായിക്കുന്നത്. മഹത്ത്വീകരിക്കപ്പെട്ട സഭയുടെ ചിത്രമാണ് ഏശയ്യായുടെ ദർശനത്തിൽ പ്രതീകാത്മകമായി കാണുന്നത്. സ്വർഗീയദൈവാലയമാകുന്ന സഭയുടെ മഹത്ത്വം സ്വർഗത്തിലും ഭൂമിയിലും നിറഞ്ഞിരിക്കുന്നത് ഏശയ്യാ കാണുന്നു. ഈ ഭൂമിയിലെ ദൈവാലയങ്ങൾ സ്വർഗീയദൈവാലയങ്ങളുടെ പ്രതിരൂപങ്ങൾ മാത്രമാകുന്നു. സ്വർഗത്തിൽ വസിക്കുന്നവൻതന്നെയാണ് ഭൂമിയിലെ ദൈവാലയത്തിലും വസിക്കുന്നത് എന്ന് ഈ ദർശനം പഠിപ്പിക്കുന്നു.

മിശിഹാ സ്ഥാപിച്ച സഭയെന്താണെന്നും അതിന്റെ ധർമം എന്താണെന്നുമാണ് ഇന്നു പ്രഘോഷിച്ച സുവിശേഷത്തിൽ കാണുന്നത്. സഭ മിശിഹാ സ്ഥാപിച്ചതാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ് മിശിഹാ എന്ന് ഏറ്റുപറഞ്ഞ പത്രോസിന്റെ വിശ്വാസമാകുന്ന പാറമേലാണ് മിശിഹാ സഭയെ സ്ഥാപിച്ചത്. സഭയുടെ ദൗത്യം സ്വർഗത്തെ ഭൂമിയുമായും ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുക എന്നതാണ്. സ്വർഗത്തിന്റെ കവാടവും താക്കോലുമാണ് സഭ. സഭയിലൂടെയാണ് എല്ലാവരും സ്വർഗത്തിലേക്കു പ്രവേശിക്കുന്നത്. ഭൂമിയിൽ സ്വർഗമെത്തിക്കുക എന്നതാണ് സഭയുടെ ദൗത്യം. അതാണ് മിശിഹാ ലക്ഷ്യംവച്ച സ്വർഗരാജ്യസ്ഥാപനം. അതുകൊണ്ടാണ് ദൈവരാജ്യം നിങ്ങളുടെയിടയിൽതന്നെയുണ്ട് എന്ന് അവിടുന്ന് പഠിപ്പിച്ചിരുന്നത്.

മിശിഹായാൽ സ്ഥാപിതമായ സഭ ഭൂമിയിൽ എപ്രകാരമാണ് സ്വർഗരാജ്യമായി വർത്തിക്കേണ്ടതെന്നാണ് പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽനിന്നു ശ്രവിക്കുന്നത്. സ്നേഹത്തിന്റെ കീർത്തനമാണ് ലേഖനത്തിൽ ഉള്ളത്. സ്നേഹത്തിന്റെ ഭാഷയായിരിക്കണം സഭയുടെ ഭാഷ. സ്നേഹത്തിലധിഷ്ഠിതമായ ജീവിതമാണ് സഭയുടെ ജീവിതം. സ്വർഗത്തെ ഭൂമിയിൽ എത്തിക്കുന്ന സ്നേഹമാണ് സർവോത്കൃഷ്ടം.


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



**മൂഴയിൽ ജൂവലറി**
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
**മൂഴയിൽ ഫൈനാൻസിയേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ



**സ്നേഹസ്മരണയ്ക്ക്**
1–ാം ചരമവാർഷികം (05–11–2025)



**റോസമ്മ മാത്യു തറപ്പേൽ**
വെള്ളിയേപ്പള്ളി, പാലാ
ജനനം: 29–11–1954 മരണം: 05–11–2024
"ഞാൻ നിങ്ങളിൽനിന്ന് അകന്നുപോയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"
മാത്തുക്കുട്ടി തറപ്പേൽ (ഭർത്താവ്) (ഫോൺ : 9946267001)
മക്കൾ: ഡോ. ടോണി, മഞ്ജുഷ. മരുമക്കൾ: ഡോ. ഹൈമ, രഞ്ജിത്ത്
കൊച്ചുമക്കൾ: നേഹ, നിയ, ഏവാ, എസ്തർ ആൻ, ഏഥൻ, എഫ്രേം
ADVT

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**

അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്; ആദ്യം ആലോചന, പിന്നെ ശാസനം.

പ്രഭാഷകൻ 11:7

## എഡിറ്റോറിയൽ

# പൊതുജനത്തെ പെരുവഴിയിലാക്കരുതേ!

**മെ**ഡിക്കൽകോളജധ്യാപകർ ഉന്നയിച്ച വിവിധ ആവശ്യങ്ങളോടു സർക്കാർ അനുകൂലനിലപാടു സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് സർക്കാർ മെഡിക്കൽ കോളജുകളിൽ ഡോക്ടർമാർ ഒ.പി. ബഹിഷ്കരിച്ചു സമരം തുടങ്ങിയിരിക്കുന്നു. കേരള ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷന്റെ (കെജിഎംസിടിഎ) ആഹ്വാനപ്രകാരം ആരംഭിച്ചിരിക്കുന്ന ഈ സമരം സംസ്ഥാനത്തെ മെഡിക്കൽ കോളജ് ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചതായാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

പണിമുടക്കുന്ന ഒ.പി. ദിവസങ്ങളിൽ ജൂനിയർ ഡോക്ടർമാരുടെയും പി.ജി. ഡോക്ടർമാരുടെയും സേവനം മാത്രമേ ഉണ്ടാകുകയുള്ളൂവെന്നും അതിനാൽ അത്യാവശ്യചികിത്സ ആവശ്യമുള്ളവർമാത്രം ഒ.പി.യിലെത്തിയാൽ മതിയെന്നുമാണ് സംഘടനയുടെ നിർദേശം. ഇതിനുശേഷവും നടപടിയുണ്ടായില്ലെങ്കിൽ ഒക്ടോബർ 28, നവംബർ 5, 13, 21, 29 തീയതികളിലും ഒ.പി. ബഹിഷ്കരണം തുടരുമത്രേ. സംസ്ഥാനത്തെ മെഡിക്കൽകോളജുകളിൽ ചികിത്സ തേടിയെത്തുന്ന ആയിരക്കണക്കിനു രോഗികളെ സാരമായി ബാധിച്ചിരിക്കുന്ന ഈ പണിമുടക്ക് എത്രയുംവേഗം അവസാനിപ്പിക്കുന്നതിന് അനുകൂലമായ സമീപനം സർക്കാർ കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കാം.

സെപ്റ്റംബർ 26 നു തുടങ്ങിയ സമരപരമ്പരകളുടെ തുടർച്ചയാണ് ഇപ്പോഴുണ്ടായിരിക്കുന്ന ഒ.പി. ബഹിഷ്കരണം. മെഡിക്കൽ, ഡെന്റൽ, പാരാമെഡിക്കൽ കോഴ്സുകളുടെ തിയറിക്ലാസ്സുകളിൽനിന്നു വിട്ടുനിന്നും തെരുവിൽ പ്രതിഷേധിച്ചും സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാൻ ശ്രമിച്ചെങ്കിലും ഗവൺമെന്റ് അനുഭാവപൂർണമായ നിലപാടു സ്വീകരിക്കാത്തതുകൊണ്ടാണ് ഒ.പി. ബഹിഷ്കരണത്തിലേക്കു കടക്കാൻ ഡോക്ടർമാർ നിർബന്ധിതരായതെന്നാണ് അവർ പറയുന്നത്. നഷ്ടപ്പെട്ട ശമ്പള-ക്ഷാമബത്ത കുടിശ്ശിക നൽകുക, അസിസ്റ്റന്റ് പ്രഫസർ തസ്തികയിലെ ശമ്പളനിർണയ അപാകത പരിഹരിക്കുക, രോഗികളുടെ എണ്ണത്തിനാനുപാതികമായി ഡോക്ടർമാരെ നിയമിക്കുക, പുതിയ മെഡിക്കൽ കോളജുകളിൽ താത്കാലികപുനർവിന്യാസത്തിനുവേണ്ടി ഡോക്ടർമാരെ നിയമിക്കുന്നത് അവസാനിപ്പിക്കുക തുടങ്ങി ഡോക്ടർമാർ ഉന്നയിക്കുന്ന ആവശ്യങ്ങൾ പലതും രോഗികളോടും ബന്ധപ്പെട്ടുനില്ക്കുന്നതാണെന്ന വസ്തുത സർക്കാർ മറന്നുകൂടാ.

ഇതൊക്കെയാണെങ്കിലും പൊതുജനാരോഗ്യരംഗത്തെ അവശ്യസർവീസ് എന്ന നിലയിൽ ചിന്തിക്കുമ്പോൾ രോഗികളെ വലച്ചുകൊണ്ട് ഡോക്ടർമാർ സമരം ചെയ്യുന്നതു ശരിയോ എന്ന ചോദ്യം ഇപ്പോഴും അന്തരീക്ഷത്തിൽ നിലനില്ക്കുന്നുണ്ട്. ഡൽഹി സഫ്ദർജങ് ആശുപത്രിയിലെ ഡോക്ടർമാരുടെ പണിമുടക്കിനു മറുപടിയായി 2010 ഡിസംബറിൽ ഡൽഹി മെഡിക്കൽ കൗൺസിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, ഒരു സാഹചര്യത്തിലും ഡോക്ടർമാർ പണിമുടക്കരുതെന്നും അതു രോഗീപരിചരണത്തെ ഗുരുതരമായ അപകടത്തിലാക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ, ഡോക്ടർമാരുടെ നിരവധി പണിമുടക്കുകൾ പിന്നെയും നടന്നു. 2012 ജൂണിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നടത്തിയ രാജ്യവ്യാപകമായ പണിമുടക്ക് വലിയ വെല്ലുവിളികൾ ഉയർത്തിയ ഒന്നായിരുന്നു.

ഡോക്ടർമാർ പണിമുടക്കുന്നതിന്റെ സാധാരണകാരണങ്ങൾ ശമ്പളം, കരാർബന്ധങ്ങൾ, ജോലിസാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവയാണെന്നതു വസ്തുതയാണ്. അതുകൊണ്ടുതന്നെ പണിമുടക്ക് അധാർമികമാണെന്നു കരുതുന്നവർ ഉന്നയിക്കുന്ന ഒരു ചോദ്യം, ഡോക്ടർമാർക്ക് ഇതിനകംതന്നെ അമിതവേതനം ലഭിക്കുന്നില്ലേയെന്നാണ്. ഡോക്ടർമാർ യഥാർഥത്തിൽ പണത്തിനുവേണ്ടിയല്ല; രോഗികളെ പരിചരിക്കുന്നതിനാവണം ശ്രദ്ധാലുക്കളാകേണ്ടത്; അവർക്കു പണിമുടക്കാൻ കഴിയില്ല, അങ്ങനെ ചെയ്താൽ അത് ഒഴിവാക്കാവുന്ന മരണങ്ങൾക്കും കഷ്ടപ്പാടുകൾക്കും കാരണമാകും എന്നിങ്ങനെ പോകുന്നു അവരുടെ വാദങ്ങൾ. എന്നാൽ, ഡോക്ടർമാരുടെ പണിമുടക്ക് എല്ലായ്പോഴും അധാർമികമാണോ? ചില സാഹചര്യങ്ങളിൽ അതു സ്വീകരിക്കപ്പെടാവുന്നവതല്ലേ? എന്നു ചോദിക്കുന്നവരും സമൂഹത്തിൽ വിരളമല്ല. വിവിധ സർക്കാർ മെഡിക്കൽകോളജുകളിൽ അധ്യാപകനും പൊതുജനാരോഗ്യവിദഗ്ധനുമായ ഡോ. വി. രാമൻകുട്ടി ചോദിക്കുന്നത്, ശമ്പളപരിഷ്കരണത്തിലും അതിന്റെ കുടിശ്ശിക അനുവദിക്കുന്നതിലും അവസാനപരിഗണന മതിയോ ഡോക്ടർമാർക്ക് എന്നാണ്. മറ്റെല്ലാ തൊഴിൽവിഭാഗങ്ങളെയും പരിഗണിക്കാൻ ശ്രമിക്കുന്ന സർക്കാരുകൾ ജീവൻ സംരക്ഷിക്കുന്നവരെ ഒഴിവാക്കുന്നതു ശരിയല്ലെന്നദ്ദേഹം വാദിക്കുന്നു.

ഇതിനിടെയാണു കുടിശ്ശിക തീർക്കുന്നതിനു സർക്കാരിൽനിന്ന് ഒരു നടപടിയും ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളജുകളിലെയും എറണാകുളം ജനറൽ ആശുപത്രിയിലെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെ സ്റ്റോക്ക് തിരിച്ചെടുക്കാനുള്ള വിതരണക്കാരുടെ നീക്കം പുറത്തുവന്നിരിക്കുന്നത്.

കൂനിന്മേൽ കുരുവെന്നപോലെ ഉരുണ്ടുകൂടിയിരിക്കുന്ന ഈ പുതിയ പ്രതിസന്ധി ഹൃദയശസ്ത്രക്രിയയ്ക്കടക്കം സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിക്കുന്ന സാധാരണക്കാരെ ഭയാശങ്കയിലാഴ്ത്തിയിരിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽനിന്നു സർജിക്കൽ ഉപകരണങ്ങൾ തിരിച്ചെടുത്തുതുടങ്ങിയെങ്കിലും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ഉപകരണങ്ങളെടുക്കാൻ വിതരണക്കാരെ അനുവദിച്ചില്ലെന്നാണു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നത്.

കുടിശ്ശിക കിട്ടാത്തതിനാൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന കമ്പനികൾക്കു നല്കാൻ പണമില്ലെന്നും കൂടുതൽ സ്റ്റോക്കെടുക്കാൻ കഴിയാത്ത സ്ഥിതിയാണെന്നും ആരോഗ്യവകുപ്പിനുള്ള കത്തിൽ വിതരണക്കാരുടെ സംഘടന (സിഡിഎംഐഡി) നേരത്തേതന്നെ ചൂണ്ടിക്കാട്ടിയിരുന്നതാണ്. ഈ പശ്ചാത്തലത്തിൽ, ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണം തേടിച്ചെല്ലുമ്പോൾ ചൂണ്ടുവിരൽ നീളുന്നതു സർക്കാരിന്റെ നേർക്കുതന്നെയാണ്. ആരോഗ്യരംഗത്ത് ഏറെ നാളായി തുടരുന്ന കെടുകാര്യസ്ഥതയ്ക്ക് മറ്റാരെയും പഴിചാരിയിട്ടു കാര്യമില്ല. ഡോക്ടർമാരുടെ സമരത്തിലും വിതരണക്കാരുടെ ആവശ്യത്തിലും ഉചിതമായ നടപടികൾ കൈക്കൊള്ളാൻ സർക്കാർ ഉണർന്നുപ്രവർത്തിക്കണം. അല്ലാത്തപക്ഷം സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിച്ചുകഴിയുന്ന അനേകായിരങ്ങളോടു ചെയ്യുന്ന വലിയ ക്രൂരതയായിരിക്കുമത്.

■

# കത്തോലിക്കാകോൺഗ്രസ് അവകാശസംരക്ഷണയാത്രയ്ക്ക് പാലായിൽ പ്രൗഢോജ്ജ്വലസ്വീകരണം

പാലാ: കത്തോലിക്കാകോൺഗ്രസ് ഉയർത്തുന്ന വിഷയങ്ങൾ 50 ലക്ഷം വരുന്ന സീറോ മലബാർ സമുദായത്തിന്റെ പ്രശ്നങ്ങളാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സമുദായത്തോടു രാഷ്ട്രീയകക്ഷികൾ കാണിക്കുന്ന അവഗണന തിരിച്ചറിയാനുള്ള സാമാന്യബോധം ക്രൈസ്തവർക്കുണ്ട്. ക്രൈസ്തവസമുദായത്തിന്റെ ന്യായമായ ആവശ്യങ്ങൾ അവഗണിക്കുന്നവരെ തിരഞ്ഞെടുപ്പുകളിൽ സമുദായവും അവഗണിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നയിക്കുന്ന അവകാശസംരക്ഷണയാത്രയ്ക്കു പാലായിൽ നല്കിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമുദായത്തോടും സമൂഹത്തോടും രാഷ്ട്രീയകക്ഷികൾ കാണിക്കുന്ന അനീതി തിരിച്ചറിയാനും പ്രതികരിക്കാനും കത്തോലിക്കാസഭയ്ക്ക് അറിയാമെന്നും അദ്ദേഹം പറഞ്ഞു. അവഗണനയ്ക്കു മറുപടി നൽകാനുള്ള




*കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നയിക്കുന്ന അവകാശസംരക്ഷണയാത്ര പാലായിലെത്തിയപ്പോൾ*

ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പരീക്ഷണശാലയാണ് അടുത്തുവരുന്നത്. ഒരു രാഷ്ട്രീയകക്ഷിക്കും വോട്ടു ചെയ്യണമെന്നു പറഞ്ഞ് സമ്മർദം ചെലുത്തുന്ന പതിവ് സഭയ്ക്കില്ല. തങ്ങളുടെ ആവശ്യങ്ങളെ പരിഗണിക്കാത്ത രാഷ്ട്രീയപാർട്ടികളെ തിരിച്ചറിയാനുള്ള ബുദ്ധി കത്തോലിക്കർക്ക് ഉണ്ടെന്ന് മാർ റാഫേൽ പറഞ്ഞു.

കത്തോലിക്കാകോൺഗ്രസിന്റെ നിലപാടിനൊപ്പം സഭ നിൽക്കും എന്ന് ഉറപ്പുനൽകുന്നു. അനാവശ്യകാര്യങ്ങളും അനീതികളും നമ്മൾ ചോദിക്കുന്നില്ല. ന്യായമായ അവകാശങ്ങളാണ് ചോദിക്കുന്നത്. ഇന്നു യുവാക്കൾ നാടുവിട്ടുപോകുന്നു. സർക്കാർ ജോലികളിൽ സംവരണമില്ല. നിരവധി അധ്യാപകർ ശമ്പളമില്ലാതെ ജോലി ചെയ്യുന്നു. ഈ സ്ഥിതി തുടർന്നാൽ ക്രൈസ്തവർ വിവിധ മേഖലകളിൽനിന്നു തുടച്ചുമാറ്റപ്പെടും. അതിനാൽ രാഷ്ട്രീയമായി ബലപ്പെടേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഈ മാസം 13 ന് കാസർകോടുനിന്നാരംഭിച്ച ജാഥ വിവിധ രൂപതകളിലൂടെ കടന്ന് 21 നു പാലായിലെത്തി. അരുവിത്തുറ, രാമപുരം ഫൊറോനകളിലെ സ്വീകരണം ഏറ്റുവാങ്ങിയ പര്യടനം പാലാ കുരിശുപള്ളിക്കവലയിൽ സമാപിച്ചു.

കുരിശുപള്ളിക്കവലയിൽ നടന്ന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഫിലിപ്പ് കവിയിൽ, പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജോസ് കാക്കല്ലിൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, ജേക്കബ് മുണ്ടയ്ക്കൽ, ജോയി കണിപറമ്പിൽ, രാജേഷ് പാറയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

നോവൽ 13



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

സൗദിയിൽ താൻ താമസിക്കുന്ന ഹോട്ടൽറൂമിൽ അലസനായിരിക്കുകയാണ് ശ്രീജിത്ത്. ചെയ്തുതീർക്കാൻ ജോലികളേറെയുണ്ട്. ഒന്നും തുടങ്ങിയിട്ടേയില്ല. മനസ്സാകെ കലങ്ങിയിരിക്കുന്നു. ഒരു മോചനത്തിനുവേണ്ടിയാണ് കേരളം വിട്ടത്. അവിടെയായിരുന്നപ്പോൾ ജീനായെക്കുറിച്ചുള്ള ചിന്തകൾ മാത്രമായിരുന്നു മനസ്സിൽ. ഇവിടെയായിട്ടും മനസ്സ് വേവുകയാണ്. കുറ്റബോധത്താൽ പ്രാണൻ പിടയുകയാണ്. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ താനൊരു വിഡ്ഢിയാണ്. മറ്റൊരാളെ സ്നേഹിക്കുന്ന ഒരു പെണ്ണിന്റെ സ്നേഹത്തിനു വേണ്ടി അലഞ്ഞവൻ. അവൾ പൂർണമായും അപരന്റേതായതറിഞ്ഞപ്പോഴെങ്കിലും പിന്തിരിയേണ്ടതായിരുന്നു. കഴിഞ്ഞില്ല. മറക്കാനും വെറുക്കാനും ശ്രമിച്ചു. പരാജയപ്പെട്ടു. ഒരു സഹപാഠിയോടുള്ള പരിഗണന എപ്പോഴും അവൾ തന്നിരുന്നു. താനാഗ്രഹിച്ചത് എന്നും അവൾ ഒപ്പമുണ്ടാകണമെന്നാണ്. 'മാനസ' എന്ന മറ്റൊരുവൾ തന്നെ ആത്മാർഥമായി സ്നേഹിച്ചിരുന്നു. അവൾക്കു പ്രതിസ്നേഹം നൽകാൻ കഴിഞ്ഞില്ല. അവൾ മറ്റൊരാളുടെ ഭാര്യയായി സന്തോഷത്തോടെ ഇന്നു ജീവിക്കുന്നു. തന്നെയിപ്പോളവൾ ഓർമിക്കുന്നുപോലുമുണ്ടാവില്ല. ജീവിതം അതാണ്. സ്നേഹത്തെ പലരും പലതരത്തിൽ കാണുന്നു!

ഡോർബെൽ ശബ്ദിച്ചു.

"യേസ്." ശ്രീജിത്ത് അനുമതി നൽകി.

റൂമിലേക്കു കയറിവന്നത് സുമനാണ്. കമ്പനി തന്റെ സഹായിയായി ചുമതല നല്കിയ ബി.ടെക്കുകാരൻ. സ്വന്തം നിലയിൽത്തന്നെ സമർഥനാണ് സുമൻ.

"എന്താ സാർ... ഒരു മൂഡില്ലാത്തതുപോലെ?'' സുമൻ തിരക്കി.

"എനിക്ക് ഒരുപിടി പ്രശ്നമുണ്ട് കൂട്ടുകാരാ. നാട്ടിൽ തീരെ വയ്യാഞ്ഞിട്ടാ ഇങ്ങോട്ടു വന്നത്. ഇവിടെ വന്നിട്ടും മാറ്റമൊന്നുമില്ല."

''സാർ, ആ ഓസ്ട്രേലിയക്കാരൻ ക്ലയന്റിന്റെ പ്രോജക്ട് നാളെ കഴിഞ്ഞ് തീർത്തുകൊടുക്കണ്ടതാണല്ലോ. ഓർമിപ്പിക്കണമെന്ന് എം.ഡി. വിളിച്ചുപറഞ്ഞിരുന്നു." സുമൻ സൂചിപ്പിച്ചു.

ശ്രീജിത്ത് അവനെ നോക്കി വികൃതമായി പൊട്ടിച്ചിരിച്ചു. സ്വയം പരിഹസിക്കുന്നതുപോലുള്ള ചിരി.

"സാർ.... എന്താ സാർ ഒരു മറുപടിയും പറയാത്തത്."

''ആ വർക്ക് എനിക്കു ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല. നീ രാത്രി മെനക്കെട്ടിരുന്ന് പണി തീർത്ത് അവർക്കു കൊടുക്ക്. കക്ഷിക്കു ബുദ്ധുമുട്ടു തോന്നണ്ട."

''ഞാൻ വിചാരിച്ചാൽ തീർക്കാൻ സാധിച്ചേക്കും. പക്ഷേ, അതിനൊരിക്കലും സാറു ചെയ്യുന്നതുപോലൊരു ക്ലാരിറ്റി ഉണ്ടാവില്ല. ക്ലയന്റ് ഉറപ്പായും തിരിച്ചറിയുകയും ചെയ്യും."

"സുമൻ, താൻ മിടുക്കനാടോ. കഴിവു തെളിയിച്ചിട്ടുണ്ടല്ലോ. ചെയ്യ്."

സുമൻ പരുങ്ങി. എം.ഡി. അല്പംമുമ്പു വിളിച്ച്, ശ്രീജിത്തിനെക്കൊണ്ടുതന്നെ വർക്കു ചെയ്യിക്കണമെന്നു കർശനമായി പറഞ്ഞിട്ടുണ്ട്. വിസമ്മതിച്ചാൽ കമ്പനി അയാൾക്കുവേണ്ടി നടത്തിയ സുപ്രധാനമായ ഇടപെടലിനെക്കുറിച്ചു സൂചിപ്പിക്കണമെന്നും പറഞ്ഞു.

''സാർ... എനിക്കു വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്." സുമൻ പറഞ്ഞു.

''എന്തിനിങ്ങനെ സസ്പെൻസ് ഉണ്ടാക്കുന്നു. പറയ്."

"ജീനാസംഭവത്തിൽ സാറിനെതിരെ സുപ്രധാനമായ ചില തെളിവുകൾ പോലീസിനു കിട്ടിയിട്ടുണ്ട്. കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്യാൻ പോലീസ് തീരുമാനിക്കുകയും ചെയ്തു. കമ്പനിക്ക് ഉന്നതങ്ങളിലുള്ള ബന്ധം ഉപയോഗിച്ച് ആ തീരുമാനം മാറ്റി. അല്ലായിരുന്നെങ്കിൽ പോലീസ്സംഘം ഇവിടെയെത്തി അറസ്റ്റുചെയ്തുകൊണ്ടു പോകുമായിരുന്നു."

സ്ഥിരഭാവത്തോടെ സുമനെ നോക്കിയതല്ലാതെ ശ്രീജിത്ത് തെല്ലും പതറിയില്ല.

"സുമനിതു പറഞ്ഞത് ഞാൻ ഭയന്നുവിറച്ച് അയാളുടെ വീടിന്റെ ഡിസൈനിങ് തുടങ്ങുമെന്നു കരുതിയാകും. ഇല്ല. എനിക്കൊട്ടും ഭയമില്ല. പോലീസിനെയും അറസ്റ്റിനെയും ജയിലിനെയും താത്പര്യത്തോടെ സ്വീകരിക്കാൻ കാത്തിരിക്കുകയാണ്, ഞാനിപ്പോൾ."

''സോറി സാർ. ഞാൻ സാറിനെ ഭയപ്പെടുത്താൻ പറഞ്ഞതല്ല. കമ്പനി നമ്മുടെയൊക്കെ കാര്യത്തിൽ നല്ല രീതിയിൽ ഇടപെടുന്നുണ്ടെന്നു സൂചിപ്പിച്ചതേയുള്ളൂ." സുമൻ വിളറി.

"ഒരു യാഥാർഥ്യം, മറ്റാരോടും പറയാത്ത സത്യം, ഞാൻ സമുനോടു പറയുകയാണ്. ജീനായുടെ മരണത്തിൽ എനിക്കു വലിയ പങ്കുണ്ട്. എന്റെ അപക്വമായ ഒരു പ്രവൃത്തിയാണ് അവളുടെ ജീവനെടുത്തത്. ജീവിതത്തിൽ ഒരു പെണ്ണിനെ മാത്രമേ ഞാനിഷ്ടപ്പെട്ടുള്ളൂ. സ്നേഹിച്ചതും അവളെ മാത്രം. അവൾ ഒരു സഹപാഠിയെന്ന നിലയിൽ സൗഹൃദം കാട്ടിയിരുന്നു. സ്നേഹിച്ചതും, വിവാഹം കഴിച്ചതും റോണിയെയാണ്. മരണത്തിന്റെ തലേന്നു ഞാനവിടെ ചെന്നത് അവസാനമായി ഒന്നുകൂടി കാണാനും ഒരു വിവാഹസമ്മാനം കൊടുക്കാനും യാത്രപറഞ്ഞ് എന്നേക്കുമായി കേരളം വിടാനും തീരുമാനിച്ചാണ്."

"ശ്രീജിത്ത്സാറിന്റെ സന്ദർശനം റോണിയുടെയും ജീനായുടെയും ജീവിതത്തിൽ കൊടുങ്കാറ്റു വിതച്ചു. അതു ജീനായുടെ ജീവനെടുത്തു."

"അതെ. അതാണു സംഭവിച്ചത്."


''മനഃസാക്ഷിയിപ്പോൾ ശ്രീജിത്ത്സാറിനെ കുത്തിനോവിക്കുകയാണ്. അതിന്റെ പ്രതിഫലനമാണിത്തരം ചിന്തകൾ. യഥാർഥത്തിൽ ഒരു കുറ്റവും സാറിന്റെ പ്രവൃത്തിയിൽ ഞാൻ കാണുന്നില്ല. ജീനായോടൊരിഷ്ടം തോന്നിയത് ഒരു തെറ്റല്ല. അവൾ സ്നേഹിക്കുന്നില്ലെന്നു കണ്ടപ്പോൾ, നഷ്ടപ്പെട്ടെന്നറിഞ്ഞപ്പോൾ മറ്റു ചിലർ ചെയ്തതുപോലെ അവളെ ഇല്ലാതാക്കാൻ ശ്രമിച്ചില്ല. ഒരു വിവാഹസമ്മാനം നൽകാനാണാഗ്രഹിച്ചത് എത്ര ദിവ്യമായ പ്രവൃത്തിയാണ്. അവിവേകം കാണിച്ചത് റോണിയാണ്, ജീനായാണ്. ശ്രീജിത്ത് സാറിന് ഒരു കുറ്റബോധവുമുണ്ടാകണ്ട." സുമൻ പറഞ്ഞു.

ശ്രീജിത്ത് വിഷാദത്തോടെ പുഞ്ചിരിച്ചു.

"ഒരിക്കലും എന്നെ ന്യായീകരിക്കാൻ എനിക്കു കഴിയില്ല. ജീനാ... ഈ ഭൂമിയിലെ എത്ര നല്ല ജന്മമായിരുന്നു. വെറും ഇരുപത്തിയാറ് വയസ്സ്!

അവൾ ഞാൻ കാരണം ഇല്ലാതായില്ലേ? ഇനിയെത്രയോ കാലം ഈ സുന്ദരമായ ഭൂമിയിൽ അവൾ ജീവിച്ചിരിക്കേണ്ടതായിരുന്നു? ഒന്നുകൂടി കാണണമെന്നുണ്ടായ ദാഹം! സമ്മാനം കൊടുത്ത് എന്റെയോർമ അവളിൽ നിലനിർത്തണമെന്ന ദുഷിച്ച ചിന്ത! അതാണ് എല്ലാ തകർച്ചകൾക്കും കാരണം."

"സമയം ഒത്തിരി കടന്നുപോയല്ലോ സാർ. സാറിന്റെ അനുഗ്രഹത്തോടെ ഞാൻ വർക്ക് തുടങ്ങുകയാണ്."



ശ്രീജിത്ത് അടുത്തേക്കു വന്ന് സുമന്റെ കരംഗ്രഹിച്ചു. ഇരുകരങ്ങളും അവന്റെ തലയിൽ വച്ച് മൗനമായി അനുഗ്രഹിച്ചു.

"ശ്രീജിത്തേ, നിനക്കു മനസ്സാണെങ്കിൽ കമ്പനിക്കുവേണ്ടി ഞാൻ ഒടുവിൽ ഒപ്പുവയ്ക്കാം."

''വേണം. അങ്ങനെ ചെയ്യണം. ആ കൈയൊപ്പിന് ആർക്കും നിശ്ചയിക്കാൻ കഴിയാത്ത്ര വിലയുണ്ട്." സുമൻ പറഞ്ഞു.

''സുമൻ, ആരൊക്കെ തടഞ്ഞാലും സ്വാധീനം ചെലുത്തിയാലും ഒരു ദിവസം ഏതെങ്കിലും സമയത്ത് പോലീസ് എന്നെ തേടിയെത്തും. ഞാനവർക്കൊപ്പം നീങ്ങും. സത്യം വെളിപ്പെടുത്തും. പൂർണസന്തോഷത്തോടെ എനിക്കായുള്ള ശിക്ഷാവിധി ഞാൻ കൈനീട്ടി വാങ്ങും."

"ഇപ്പോൾ വികാരമല്ല സാർ, വേണ്ടത്. വിചാരമാണ്."

''ശ്രീജിത്ത് ഒരു നിമിഷം അവനെ നോക്കിനിന്നു.

"സുമൻ... നീയെന്റെയാരാ?"

"അനുജൻ... പ്രിയപ്പെട്ട അനുജൻ."

സ്നേഹാവേശത്തോടെ ശ്രീജിത്ത് സുമനെ ആലിംഗനം ചെയ്തു.

*    *    *    *

എസ്.പി.യുടെ 'നശിച്ച' ഫോൺകോൾ സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസിന്റെ തല മരവിപ്പിച്ചു. ആർക്കിടെക്ട് ശ്രീജിത്തിനെ സൗദിയിലെത്തി അറസ്റ്റു ചെയ്തുകൊണ്ടുവരാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയപ്പോഴാണ് അതു പാടില്ലെന്നു മുകളിൽനിന്നുള്ള ഉത്തരവ്. ശ്രീജിത്തിനുപകരം കേസിൽ സംശയിക്കപ്പെടുന്ന മറ്റാരെയെങ്കിലും അറസ്റ്റുചെയ്യാനാണ് നിർദേശം. റിസൈൻ ചെയ്ത് കുപ്പായമൂരി പുറത്തിറങ്ങി എല്ലാം സമൂഹത്തിനുമുമ്പിൽ വിളിച്ചുപറഞ്ഞാലോ എന്നുപോലും സി.ഐ.യ്ക്കു തോന്നി. പക്ഷേ, തനിക്കും ഒരു കുടുംബമുണ്ടല്ലോ എന്ന ചിന്ത അദ്ദേഹത്തെ വിവേകമതിയാക്കി. എല്ലാമറിയുന്ന എച്ച്.സി. രാജീവൻ ക്യാബിനിലേക്കു കയറിവന്നു.

''എന്താ സാർ ആകെ വല്ലാതെ." അയാൾ തിരക്കി.

''മടുത്തടോ. നമ്മുടെയീ സ്ഥാനത്തിനും വേഷത്തിനുമൊന്നും യാതൊരു വിലയുമില്ല. വെറും ചട്ടുകമല്ലേ നമ്മൾ."

"ശ്രീജിത്തിനെ അറസ്റ്റ് ചെയ്യരുതെന്ന് എസ്.പി. പറഞ്ഞല്ലേ."

"അതെ. വേറേയാരെ അറസ്റ്റു ചെയ്യണം, തന്റച്ഛനെയാണോ, യെന്നു ചോദിക്കാൻ നാക്കു തരിച്ചതാണ്. രോഷം നെഞ്ചിലൊതുക്കി."

"ഇനിയിപ്പോൾ റോണിയെത്തന്നെ ക്വസ്റ്റിൻ ചെയ്യാൻ കസ്റ്റഡിയിലെടുത്താലോ?" രാജീവൻ ചോദിച്ചു.

"അവനെ നമ്മൾ സംശയിക്കുന്നതായി തോന്നിപ്പിക്കരുത്. അന്വേഷണത്തിലെ ഒരു തന്ത്രമാണത്."

"എങ്കിൽപ്പിന്നെ മേടയ്ക്കൽ മാത്തുക്കുട്ടിയെത്തന്നെ അകത്താക്കാം. ജീനായെ ഏറ്റവും വെറുക്കുന്ന ആൾ മേടയ്ക്കനാണല്ലോ." രാജീവൻ പറഞ്ഞു.

''അയാൾക്കീ മരണത്തിൽ ഒരു ശതമാനംപോലും ഇൻവോൾവ്മെന്റ് ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ചെയ്തൊരു കുറ്റം അവളുടെ ശവസംസ്കാരച്ചടങ്ങുകൾ ടെലിവിഷനിൽ കണ്ടുകൊണ്ട് കൂട്ടുകാർക്കൊപ്പം വെള്ളമടിച്ചതുമാത്രമാ. ഒരു തവണ വിളിച്ച് ചോദ്യം ചെയ്തുവിട്ടതുമല്ലേ?"

"എസ്.പീടെ നിർദ്ദേശം അനുസരിക്കണ്ടേ സാർ."

"നമ്മൾ അതിനുള്ള കളമൊരുക്കിയതാണ്. വിലക്കിയതദ്ദേഹവുമാണ്. ഇനിയിപ്പോൾ കേസ് ശരിയായ രീതിയിൽ അന്വേഷിക്കുകമാത്രമാണ് നമ്മുടെ ദൗത്യം.'' സി.ഐ. മോഹൻ തോമസ് പറഞ്ഞു.

അപ്പോൾ ഡോർബെൽ ശബ്ദിച്ചു.

ശേഷം 10-ാം പേജിൽ

നേർമൊഴി

# കോഴിക്കൂട്ടിൽ കല്ലെറിഞ്ഞ് മോഷണം നടത്തുന്നവർ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

കോഴിക്കൂട്ടിൽ കല്ലെറിഞ്ഞ് മോഷണം നടത്തുന്ന കള്ളന്മാരെക്കുറിച്ചു കേൾക്കാത്തവരുണ്ടാവുകയില്ല. അതൊരു പഴയ തന്ത്രമാണെങ്കിലും അതിന്റെ കൗശലമൂല്യം തീരെ കുറഞ്ഞിട്ടില്ല. കോഴികൾ ബഹളം വയ്ക്കുമ്പോൾ വീട്ടുകാരുടെ മുഴുവൻ ശ്രദ്ധ അവിടെയാകും. അതിനിടയിൽ വീട്ടിലെ വിലപ്പെട്ട സ്വർണവും പണവുമെല്ലാം മോഷ്ടിച്ച് കള്ളന്മാർ കടന്നുകളയും. സർക്കാരുകൾ ഇത്തരം വിലകുറഞ്ഞ പണികൾ പലപ്പോഴും ചെയ്യാറുണ്ട്. അതിൽ വിരുതു തെളിയിച്ചിട്ടുള്ളത് ഇടതുസർക്കാരുകളാണ്. പ്രധാന വിഷയങ്ങളിൽനിന്നു ശ്രദ്ധതിരിക്കാൻ വൈകാരികസ്വഭാവമുള്ള ചെറിയ വിഷയങ്ങൾ കരുതിക്കൂട്ടി സൃഷ്ടിച്ചു മുതലെടുപ്പു നടത്തുന്ന തന്ത്രം സാധാരണക്കാർ പെട്ടെന്നു മനസ്സിലാക്കിയെന്നു വരില്ല. സർക്കാരിന്റെ ഈ ഗൂഢതന്ത്രം വിജയിക്കുന്നത് മാധ്യമങ്ങളുടെ സഹായമുണ്ടാകുമ്പോഴാണ്. മാധ്യമങ്ങൾ പൊതുവെ ഇടതുചായ്വ് പുലർത്തുന്നുവെന്നത് ആക്ഷേപമല്ല, സത്യമാണെന്നു മാധ്യമസാക്ഷരതയുള്ളവർക്കു സമ്മതിക്കാതിരിക്കാനാവില്ല.

പറഞ്ഞുവരുന്നത് ഹിജാബ് വിഷയത്തെക്കുറിച്ചാണ്. എറണാകുളം പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിലെ യൂണിഫോമുമായി ബന്ധപ്പെട്ടാണ് വിവാദമുണ്ടായിരിക്കുന്നത്. സ്കൂളിൽ പല മതവിഭാഗങ്ങളിൽ വിശ്വസിക്കുന്ന കുട്ടികൾ പഠിക്കുക സ്വാഭാവികമാണ്. കുട്ടികൾക്കിടയിൽ മതത്തിന്റെയോ മറ്റു സാമൂഹികമാനദണ്ഡങ്ങളുടെയോ അടിസ്ഥാനത്തിൽ വിവേചന പാടില്ല എന്ന ഉറച്ചബോധ്യവും നിലപാടും, ജനാധിപത്യ ഭരണക്രമവും അതിനു മാർഗനിർദേശം നൽകുന്ന ഭരണഘടനയും നാട്ടിൽ ഉണ്ടാകുന്നതിനു മുമ്പുതന്നെ പാലിച്ചുപോന്ന വിദ്യാഭ്യാസമാനേജുമെന്റാണ് ക്രൈസ്തവരുടേത്. കീഴ്ജാതിക്കാർക്കു സംസ്കൃതപഠനവും പൊതുവിദ്യാഭ്യാസവും നിഷിദ്ധമെന്നു കരുതപ്പെട്ടിരുന്ന കാലത്ത് സംസ്കൃതസ്കൂൾ സ്ഥാപിച്ചും വിദ്യാർഥികളുടെ ജാതിയും മതവും വർഗവും വർണവും പരിഗണിക്കാതെ ഒരേ ബഞ്ചിലിരുത്തി പഠിപ്പിച്ചും മതേതരത്വത്തിന്റെയും മതമൈത്രിയുടെയും ഉദാത്തമൂല്യങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച ക്രൈസ്തവസമൂഹത്തിന്റെ സംഭാവനകളെ ഭരണകൂടങ്ങൾ മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന വിലയിരുത്തേണ്ടത് പൊതുസമൂഹമാണ്. കേരളസംസ്ഥാനത്തിന്റെ വികസനത്തിലും സാംസ്കാരികപുരോഗതിയിലും ക്രൈസ്തവസമുദായം വഹിച്ചിട്ടുള്ള പങ്ക് ആർക്കും തമസ്കരിക്കാനാവാത്തവിധം വലുതാണ്.







> എല്ലാവരും യൂണിഫോം അണിയുമ്പോൾ ഒരു കുട്ടിമാത്രം ഒരു ദിവസം ഞാൻ ഹിജാബേ ധരിക്കുകയുള്ളൂ എന്നു ശഠിച്ചാൽ അതിനെ ധിക്കാരമെന്നാണു വിളിക്കേണ്ടത്. ശാഠ്യം കുട്ടിയുടേതല്ല, മറ്റാരുടേതെങ്കിലുമാണെന്നു വ്യക്തമാണ്. ഈ വിഷയം വിദ്യാഭ്യാസമന്ത്രി ഏറ്റുപിടിച്ചതാണ് വഷളാകാൻ കാരണം. തർക്കമുണ്ടായാൽ അതു തീർക്കേണ്ടയാൾ പക്ഷം ചേരാൻ പാടുള്ളതല്ല. റഫറിയാകേണ്ട മന്ത്രി ഒരു ടീമിന്റെ കൂടെക്കൂടി ഗോളടിച്ചു എന്നതാണ് പ്രശ്നം.

പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിലെ ശിരോവസ്ത്രധാരണപ്രശ്നം സ്കൂൾ അച്ചടക്കവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമെന്ന നിലയിൽ അവിടെ തീരേണ്ടതാണ്. സ്കൂൾ അധികാരികളും വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥരും പിറ്റിഎ ഭാരവാഹികളും ചേർന്നു രമ്യമായി പരിഹരിക്കേണ്ടിയിരുന്ന പ്രശ്നമാണ് ഇന്നു സാമുദായികസ്പർദ്ധയിലേക്കും രാഷ്ട്രീയവെല്ലുവിളികളിലേക്കും രാഷ്ട്രീയമുതലെടുപ്പിലേക്കുംവരെ എത്തിനില്ക്കുന്നത്.

സ്കൂൾയൂണിഫോമിനെ സംബന്ധിച്ച് സ്കൂളിനു പ്രത്യേക നിയമങ്ങളുണ്ട്. ഓരോ സ്കൂളിനും വ്യത്യസ്തങ്ങളായ നിയമങ്ങളാണ്. സ്കൂളുകൾക്ക് ഇഷ്ടമുള്ള യൂണിഫോം തിരഞ്ഞെടുക്കാം. അതിന്റെ നിറം സ്കൂൾമാനേജ്മെന്റിനു നിശ്ചയിക്കാം. അതിനുള്ള അവകാശവും അധികാരവും സ്കൂളിനുണ്ടെന്നു 2018 ൽ ബഹു. കേരള ഹൈക്കോടതിയിൽനിന്നുണ്ടായ വിധിയിൽനിന്നു വ്യക്തമാണ്. ഹിജാബ് ധരിക്കാൻ അനുവദിക്കണമെന്നുള്ള ഹർജിയിൽ ഹൈക്കോടതി പറഞ്ഞത് ഹിജാബ് അനുവദിക്കണമെന്നു വിധിക്കാനാവുകയില്ലെന്നാണ്. ഇക്കാര്യം വിദ്യാഭ്യാസമന്ത്രിക്ക് അറിവുള്ളതാണ്; അല്ലെങ്കിൽ അറിയാൻ ബാധ്യസ്ഥനാണ്. ഇക്കാര്യം അറിയാത്തവനെപ്പോലെയാണ് വിദ്യാഭ്യാസമന്ത്രി പ്രതികരിച്ചത്. റിപ്പോർട്ടനുസരിച്ച് വിവാദവിഷയമായ സ്കൂളിൽ 140 ലേറെ മുസ്ലീം വിദ്യാർഥികൾ പഠിക്കുന്നുണ്ട്. സ്കൂൾ തുറന്ന് ആറുമാസം പിന്നിട്ടിരിക്കുന്നു. സ്കൂളിൽ ചേരുമ്പോൾ പാലിക്കേണ്ട അച്ചടക്കത്തെക്കുറിച്ചും പൊതുമര്യാദകളെക്കുറിച്ചും സ്കൂൾ പ്രോസ്പെക്ടസിൽനിന്നു കുട്ടികളും രക്ഷിതാക്കളും മനസ്സിലാക്കുന്നതാണ്. സ്കൂൾ നിയമമനുസരിച്ച് എല്ലാ വിദ്യാർഥികളും ഒരേ യൂണിഫോമാണ് ധരിക്കേണ്ടത്. എല്ലാവരും തുല്യരാണെന്ന ഭരണഘടനയുടെ പതിനാലാം ഖണ്ഡികയുടെ ആദർശത്തെയാണ് യൂണിഫോം പ്രതിഫലിപ്പിക്കുന്നത്. എല്ലാവരും യൂണിഫോം അണിയുമ്പോൾ ഒരു കുട്ടിമാത്രം ഒരു ദിവസം ഞാൻ ഹിജാബേ ധരിക്കുകയുള്ളൂ എന്നു ശഠിച്ചാൽ അതിനെ ധിക്കാരമെന്നാണു വിളിക്കേണ്ടത്. ശാഠ്യം കുട്ടിയുടേതല്ല, മറ്റാരുടേതെങ്കിലുമാണെന്നു വ്യക്തമാണ്. ഈ വിഷയം വിദ്യാഭ്യാസമന്ത്രി ഏറ്റുപിടിച്ചതാണ് വഷളാകാൻ കാരണം. തർക്കമുണ്ടായാൽ അത് തീർക്കേണ്ടയാൾ പക്ഷം ചേരാൻ പാടുള്ളതല്ല. റഫറിയാകേണ്ട മന്ത്രി ഒരു ടീമിന്റെ കൂടെക്കൂടി ഗോളടിച്ചു എന്നതാണ് പ്രശ്നം. അതുപക്ഷേ, സെൽഫ് ഗോളായി എണ്ണപ്പെടാൻ പോവുകയാണ്. സർക്കാരിന്റെ നിരവധിയായ പ്രശ്നങ്ങളിൽനിന്നു മാധ്യമശ്രദ്ധതിരിക്കാനുള്ള ശ്രമമായി ഈ വിഷയത്തെ സർക്കാർ കണ്ടെങ്കിൽ തെറ്റുപറ്റി എന്നോർത്തു ദുഃഖിക്കേണ്ടി വരും. ഹിജാബ് ശബരിമലയിലെ സ്വർണമോഷണത്തെയോ ഭിന്നശേഷി സംവരണമറവിൽ നടത്തുന്ന അധ്യാപകപീഡനത്തെയോ ഒന്നും മറയ്ക്കില്ല, തീർച്ച!

■

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

എം.ടി. വാസുദേവൻ നായരുടെ പ്രസിദ്ധമായ ഒരു കഥയാണ് ഓപ്പോള് (ഓപ്പോൾ). പ്രസ്തുത കഥയ്ക്ക് എം.ടി.തന്നെ തിരക്കഥയെഴുതി കെ.എസ്. സേതുമാധവൻ സംവിധാനം ചെയ്ത് അതേപേരിൽ സിനിമയുമാക്കി. 1980 ൽ ആണ് ഓപ്പോൾ എന്ന ചലച്ചിത്രം പുറത്തിറങ്ങുന്നത്. മേനക, മാസ്റ്റർ അരവിന്ദ്, ബാലൻ കെ നായർ, കവിയൂർ പൊന്നമ്മ തുടങ്ങിയവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചു. പി. ഭാസ്കരന്റെ വരികൾക്ക് യേശുദാസ്, എസ്.ജാനകി, ലതാമാലതി എന്നിവരാണ് ശബ്ദം നല്കിയത്. നാല് ദേശീയ അവാർഡുകളും അഞ്ച് സംസ്ഥാന അവാർഡുകളും ആ ചിത്രത്തിനു ലഭിക്കുകയുണ്ടായി. ഏറ്റുമാനൂരമ്പലത്തിൽ (എസ്. ജാനകി), പൊട്ടിക്കാൻ ചെന്നപ്പോൾ (യേശുദാസ്). ചാറ്റൽമഴയും (ലതാമാലതി) എന്നീ പാട്ടുകൾ ഇന്നും അവിസ്മരണീയമായി നിലകൊള്ളുന്നു.[1]

തെക്കേ മലബാറിൽ മാത്രം പരിചയമുള്ള ഒരു വിളിപ്പേരാണ് ഓപ്പോൾ. ഉടപ്പിറന്നവൾ എന്നാണ് ആ വാക്കിന്റെ അർഥം. ഉടൻ (കൂടെ) പിറന്നവൾ എന്ന അർഥത്തിലാകണം ആ

### ഓപ്പോൾ

പേരിന്റെ നിഷ്പത്തി. ഉടൽപ്പിറന്നവൾ (ലകാരലോപം) എന്ന വിവക്ഷിതവും വന്നുചേരാമെന്ന് മലയാളമഹാനിഘണ്ടുകാരൻ ഊഹിക്കുന്നു.[2] സഹോദരനും സഹോദരിക്കും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാനാണ് ഓപ്പോൾ എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ സഹോദരന്മാർ തമ്മിൽ ഉടപ്പിറന്നവന്മാർ, എന്നോ സഹോദരിമാർ തമ്മിൽ ഉടപ്പിറന്നവൾമാർ എന്നോ സാധാരണ പ്രയോഗിക്കാറില്ല.

'വേറെയും പല മട്ടുണ്ടാം/ തദ്ധിതങ്ങളവാച്യമായ്' (356) എന്ന വിധിപ്രകാരം ഓപ്പോൾ എന്ന സംജ്ഞയെ തദ്ധിതഗണത്തിൽ ഉൾപ്പെടുത്താം.

ഒപ്പമുള്ളവൾ എന്ന അർഥത്തിൽ ഓപ്പോൾ എന്നു പ്രയോഗിക്കാം. അതു ചുരുക്കി ഓപ്പ എന്നുമാകുന്നു. ഒപ്പമുള്ളവൾ മാത്രമല്ല ഒപ്പമുള്ളവനും ഓപ്പയാകും. അതായത്, ലിംഗവിവക്ഷയില്ലാതെ രണ്ടു രൂപങ്ങൾക്കും സാംഗത്യമുണ്ടെന്നു സാരം.

ഓപ്പ: പള്ളികളിൽ ഉപയോഗിക്കുന്ന സഖ്യതാവസ്ത്രത്തിനും ഓപ്പ എന്നു വ്യവഹരിക്കാറുണ്ട്.

1. വാസുദേവൻനായർ, എം.ടി. എം.ടിയുടെ തിരക്കഥകൾ, ഡി.സി.ബുക്സ് കോട്ടയം, 2011, പുറം – 702.

2. കുഞ്ഞൻപിള്ള ശൂരനാട്, മലയാളമഹാനിഘണ്ടു, വാല്യം II, കേരളസർവകലാശാലാപ്രസിദ്ധീകരണം, തിരുവനന്തപുരം, 2003, പുറം–1333.

3. നമ്പൂതിരി, ഇ.വി. എൻ. കേരളഭാഷാവ്യാകരണം, ഡി. സി.ബുക്സ്, കോട്ടയം, 2005, പുറം – 79.

ബാലനോവൽ 7

# പൊന്നിവനത്തിലെ കഴുത

നിഥിൻകുമാർ ജെ.



"ഞാൻ താമസിച്ച വീടാണ് അത്. അവിടെയുള്ളവരെ എനിക്കു നന്നായി അറിയാം. അത്രയും ക്രൂരരാണ് അവർ. എനിക്കു കുഞ്ഞുങ്ങൾ ഉണ്ടായപ്പോൾ കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞവരാണ് അവർ. ഞാൻ അവരെ തേടി വീട്ടിൽനിന്നിറങ്ങി എന്തുമാത്രം അലഞ്ഞെന്ന് നിനക്കറിയാമോ?"

കീര തന്റെ കുഞ്ഞുങ്ങളെ ചേർത്തു നിർത്തി കരഞ്ഞു.

"ഹേയ് കരയാതെ..,'' റായൽ അവളുടെ അടുത്തേക്കു നിന്നുകൊണ്ട് വളരെ വിഷമത്തോടെ പറഞ്ഞു.

''നിനക്ക് ആ വീട്ടിലെ എല്ലാ കാര്യങ്ങളും നന്നായി അറിയാം... അല്ലേ?'' റായൽ ചോദിച്ചു.

''അറിയാം.'' കീര കണ്ണുകൾ തുടച്ചു. എന്തോ ചിന്തിക്കുകയാണ് റായൽ.

"ഞാൻ ആ വീട്ടിലേക്ക് ഒന്നു കയറി കാര്യങ്ങൾ തിരക്കിയാലോ?"

"അതുവേണ്ട. അവിടെ രണ്ടു നായകൾ ഉണ്ട്. ജിമ്മിയും കൈസറും. നിന്നെ കണ്ടാൽ അപ്പോൾത്തന്നെ തിന്നും."

"പിന്നെ എന്താണ് ഒരു വഴി?"

''നമുക്കു കണ്ടെത്താം റായൽ.'' റായൽ എന്തോ ചിന്തിക്കാൻ തുടങ്ങി.

"നീ എന്താ ചിന്തിക്കുന്നത്?" കീര സംശയത്തോടെ ചോദിച്ചു.

"ഞാനൊരു മാർഗം ആലോചിക്കുകയാണ്."

"എന്നിട്ടു കിട്ടിയോ?"

''കിട്ടി.'' റായൽ അഭിമാനത്തോടെ പറഞ്ഞു. അതു കേട്ടതും കീര അറിയാനുള്ള ആകാംക്ഷയോടെ ചോദിച്ചു.

"എന്താ മാർഗം?"

"മാർഗമുണ്ട്. പക്ഷേ വൈകുന്നേരംവരെ കാത്തിരിക്കണം. ഞാൻ ഒരിടംവരെ പോയി വരാം. ഞാൻ വരുംവരെ വീട്ടിലേക്കു നീ പോകരുത്." അത്രയും പറഞ്ഞിട്ട് റായൽ കീരയുടെ അടുത്തുനിന്ന് എങ്ങോട്ടോ പോയി. തേൾ പോകുന്നതും നോക്കി പൂച്ച മുല്ലച്ചെടിയുടെ അടുത്തുതന്നെ നിന്നു. പെട്ടെന്നു തന്നെ കീര കുഞ്ഞുങ്ങളെ കൂട്ടി നടന്നു.

"നമ്മൾ എങ്ങോട്ടാണു പോകുന്നെ അമ്മേ?" ഒരു കുഞ്ഞിപ്പൂച്ച കൗതുകത്തോടെ ചോദിച്ചു.

''മക്കളേ... ഞാൻ നിങ്ങളെ എന്റെ കൂട്ടുകാരി ചാർമിപ്പൂച്ചയുടെ അടുത്തേക്കു കൊണ്ടാക്കാൻ പോകുകയാണ്. നിങ്ങൾ കുറച്ചുദിവസം അവിടെ താമസിക്കണം. അമ്മ ഒരിടംവരെ പോയി തിരികെവരുംവരെ ചാർമി പറയുന്നതു കേട്ട് അനുസരണയോടെ നിൽക്കണം."

"ശരിയമ്മേ." കീര കുഞ്ഞുങ്ങളുമായി അവളുടെ കൂട്ടുകാരി ചാർമിയുടെ അടുത്തേക്കു പോയി. ചാർമിയൊരു പഴയ വാട്ടർ ടാങ്കിന്റെ കീഴിലാണു താമസം.




അവിടെ അവളുടെ കുഞ്ഞുങ്ങളുമുണ്ട്. കീര കുഞ്ഞുങ്ങളെ ചാർമിയുടെ അടുത്താക്കി തിരികെ മുല്ലച്ചെടിയുടെ അടുത്തേക്കു നടന്നു.

മുല്ലച്ചെടിയുടെ അടുത്ത് വൈകുന്നേരംവരെ നിന്നിട്ടും റായലിനെ കാണാതെ വന്നപ്പോൾ കീരയ്ക്ക് ചെറിയ സംശയം തോന്നിത്തുടങ്ങി. തേൾ തന്നെ പറ്റിച്ചതാണോ? കാരണം തേളിനെ, കീരയ്ക്കു നേരത്തേ അറിയില്ലല്ലോ. ആ കുഴിയിൽ വീണപ്പോഴാണ് ആദ്യമായി റായലിനെ കീര കാണുന്നത്. വലിയ സൗഹൃദമൊന്നും തേളുമായി കീരയ്ക്ക് ഉണ്ടായിരുന്നില്ല. ആരു വന്നാലും ഇല്ലെങ്കിലും കീര, ഡോസിയെ സഹായിക്കുമെന്ന് ഉറപ്പിച്ചു. അവൾ വീട് ലക്ഷ്യമാക്കി നീങ്ങി. അതേസമയം ഡോസി ഒരു വലിയ തടികൊണ്ടുള്ള കൂട്ടിൽ കിടക്കുകയാണ്. പുറത്തിറങ്ങാൻ കഴിയാതെ വിഷമിച്ചാണ് ഡോസി കിടന്നിരുന്നത്. ഡോസിക്ക് തന്റെ അവസ്ഥയെപ്പറ്റി ചിന്തിച്ചപ്പോൾ വല്ലാത്ത നിരാശ തോന്നി. എങ്ങനെയും ഈ കൂട്ടിൽനിന്നു രക്ഷപ്പെടണം. പൊന്നിവനത്തിൽനിന്നും ഒരു രാത്രി ആരും കാണാതെ ഗ്രാമത്തിലേക്കു യാത്ര തിരിച്ചതായിരുന്നു ഡോസി. പണ്ട് അവന്റെ അമ്മ ഗ്രാമത്തിൽ താമസിച്ചിരുന്നുവെന്ന കഥ ഡോസി മനസ്സിലാക്കിവച്ചിരുന്നു. അന്ന് ഒരു കുതിരയാണ് ഡോസിയുടെ അമ്മയെ ഗ്രാമത്തിൽനിന്നു രക്ഷിച്ചത്. വീണ്ടും പൊന്നിവനത്തിലേക്കു വരാൻ കാരണക്കാരനായ കുതിരയെപ്പറ്റി ഡോസിയുടെ അമ്മ എപ്പോഴും പറയും. മൃണയെന്നായിരുന്നു ആ കുതിരയുടെ പേര്. ഡോസിയോർത്തു.

'മൃണ.. മൃണ' ഡോസിയുടെ നാവ് ആ പേര് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

അമ്മ പറഞ്ഞ കഥകൾ ഡോസി കൂടുതൽ ഓർത്തെടുത്തു.

അന്ന് ഗ്രാമത്തിൽ അമ്മ ഒരുപാടു പ്രയാസപ്പെട്ടിരുന്നു. കൂടുതൽ ഭാരം ചുമന്നു നടുവൊടിഞ്ഞിരുന്നു. ആഹാരം കിട്ടിയിരുന്നില്ല, കുടിക്കാൻ വെള്ളവും ഉണ്ടായിരുന്നില്ല. ഒരു ഗ്രാമത്തലവന്റെ വീട്ടിലായിരുന്നു അമ്മ താമസിച്ചിരുന്നത്. എന്നും തല്ലും. ഇതെല്ലാം അവിടെ താമസിച്ചിരുന്ന മൃണ കണ്ടിരുന്നു. അമ്മയ്ക്ക് ആഹാരവും വെള്ളവും ഗ്രാമത്തലവൻ കാണാതെ മൃണ കൊണ്ടുത്തന്നതുമെല്ലാം ഡോസിയോർത്തു. പിന്നെയും കഥകൾ ഒരുപാട് ഡോസിയോട് അമ്മ പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനമാണ് മൃണയുടെ കൗശലത്തിന്റെ കഥകൾ. ആരെയും നിസ്സാരമായി തോല്പിക്കാൻ കഴിവുള്ള മൃണയെ ഗ്രാമത്തലവൻപോലും ഒന്നും ചെയ്യില്ല. മാത്രമല്ല ഒറ്റമനുഷ്യൻപോലും മൃണയുടെ അടുത്തേക്കു ധൈര്യത്തിൽ വന്നുനിൽക്കില്ല. അമ്മ പറഞ്ഞ മൃണയുടെ കൗശലം. അതായിരുന്നു ഡോസിക്കു വേണ്ടത്. അതിനുവേണ്ടിയാണ് ആരും അറിയാതെ ഒരു രാത്രിയിൽ ഡോസി പൊന്നിവനത്തിൽനിന്നു വഴിയറിയാത്ത ഗ്രാമത്തിലേക്കു വന്നത്. പെട്ടെന്നൊരു ശബ്ദം കേട്ടതും ഡോസി ഞെട്ടിപ്പോയി. അവൻ തലപൊക്കി നോക്കി. മുന്നിൽ കറുത്ത രോമങ്ങളുള്ള രണ്ടു നായകൾ. കണ്ടാൽ സാക്ഷാൽ സിംഹത്തെപ്പോലെ തോന്നും. അത്രയും വലുപ്പമുണ്ട് രണ്ടു നായകൾക്കും.

"നീയാണോ യജമാന്റെ പുതിയ സഹായി?"

"അറിയില്ല" പെട്ടെന്നു നായ ചോദിച്ചപ്പോൾ ഒന്നും ചിന്തിക്കാതെ ഡോസി മറുപടി കൊടുത്തു. അതുകേട്ടതും പട്ടികൾ രണ്ടും ഉറക്കെ കുരയ്ക്കാൻ തുടങ്ങി.

"ബൗ.. ബൗ."

''ബൗ.. ബൗ'' അതിന്റെ ശബ്ദം കേട്ടപ്പോൾ ആ കൂടു കുലുങ്ങുന്നതുപോലെ ഡോസിക്കു തോന്നി. അത്രയും ഉച്ചത്തിലാണ് കുര. ഡോസി പെട്ടന്നു ചിന്തിച്ചു.

''ഇവിടെ ബുദ്ധിയാണ് വേണ്ടത്. ആലോചിച്ചു വേണം ഓരോന്നും പറയാൻ."

(തുടരും)

കവിത — എസ്. ബി. പണിക്കർ

## ഊന്നുവടിയുമായ്

ഇവിടെക്കാണും ഞാനുമെന്റെ സോദരന്മാരേ
ഇനിയും തമ്മിൽത്തമ്മിൽ ഭാവിയിൽ നിരാമയം
കാലിന്നുരുക്കിൻ ബലം കണ്ണുകൾ നക്ഷത്രങ്ങൾ
കാലം കൈപിടിച്ചോതും നടക്കാമൊന്നിച്ചെന്നും
ജലമായൊഴുകും ഞാൻ പൂങ്കാറ്റായ് വേണുവൂതും
നിലാവായ് സ്വപ്നം നെയ്യും മരമായ് ഊഞ്ഞാൽകെട്ടും
കുഞ്ഞുപാദത്താൽത്തീർക്കും പൂക്കളമൊരായിരം
കുസൃതിക്കുട്ടൻ സ്വന്തം നാടകം തീർക്കും ശ്രേഷ്ഠം
ലോകവേദിയിൽ നൃത്തലോലനായ് തിമിർക്കുമ്പോൾ
നാകവേദിയിൽനിന്നു രസിക്കും താരാഗണം
ചോടുവയ്ക്കുന്നു, താളം ചവിട്ടി ഹർഷോന്മാദം
കൂടിച്ചേർന്നുതിർക്കുന്നുണ്ടാതിരപ്പൂക്കൂടകൾ
ശ്രാവണനിലാത്തെളിയാസ്വദിച്ചെവിടെയോ
പൂവൻ കുയിൽ പാടുന്നുണ്ടനുപല്ലവി ഹൃദ്യം
മന്ദമാരുതൻ കുതിച്ചെത്തി ദിക്കുകൾ തോറും
ചന്ദനഗന്ധം ചേലിൽ തളിപ്പൂ നിർല്ലോഭമായ്
പുഴയായ് ഒഴുകി ഞാൻ അമൃതം പകർന്നേകി
പൊടിമണ്ണിനു ജീവൻ ജീവജാലങ്ങൾക്കുയിർ
കിളിയായ് പറന്നപ്പോൾ വാനിലുല്ലസിച്ചെന്നും
ഇളംചില്ലകൾകൊണ്ടു കൂടുകൾ നെയ്തു ഭദ്രം
മാർകഴിത്തിങ്കൾ മെല്ലെ കൈനീട്ടി വിളിക്കവേ
മാഴ്കാതെ കൂടും ഞാനുമുല്ലാസയാത്രയ്ക്കായി
വെയ്‌ലായ് പാന്ഥർക്കേകും വെളിച്ചം ചൂടും പരം
വല്ലിയായ് തൃണമായി മണ്ണിൽ ഞാൻ പടർന്നേറും
ധരയ്ക്കു നിർവിഘ്നമായ് ചരിക്കാൻ വഴി തീർക്കും
ധരിക്ക, പൈദാഹങ്ങൾ അലട്ടില്ലൊരിക്കലും
മറക്കൊല്ലൂന്നുവടികുത്തി സാനന്ദം മെല്ലെ
മധുരച്ചിരിതൂകി നിങ്ങളെൻ ചാരത്തെത്തും.



## മിഴിയിതൾപ്പൂക്കൾ

*6-ാം പേജ് തുടർച്ച*

"യേസ്." സി.ഐ. അനുമതി നൽകി.

സബ്ഇൻസ്പെക്ടർ അജിത് കുമാറാണ് കടന്നുവന്നത്. അദ്ദേഹത്തെക്കണ്ട് കോൺസ്റ്റബിൾ രാജീവൻ പുറത്തിറങ്ങി.

എസ്.ഐ. അജിത് കുമാർ സർക്കിൾ ഇൻസ്പെക്ടറെ സല്യൂട്ട് ചെയ്തു.

"എന്താ അജിത്?" സി.ഐ. തിരക്കി.

"സർ, ആ മേടയ്ക്കൽ മാത്തുക്കുട്ടിക്ക് പോലീസ് പ്രൊട്ടക്ഷൻ വേണമെന്നു പറഞ്ഞ് മകൾ ഷേർലി ഒരപേക്ഷതന്നിട്ടുണ്ട്. മാനസികരോഗിയായ പാലച്ചുവട്ടിൽ ജോസിന്റെ ഭീഷണിയുണ്ടെന്ന്."

"കോർട്ട് ഓർഡർ ഇല്ലാതെ പ്രൊട്ടക്ഷൻ കൊടുക്കാൻ വകുപ്പില്ലെന്നു പറഞ്ഞില്ലേ?"

''പറഞ്ഞു. ഇപ്പോൾ ആ വീട്ടീന്ന് ഒരു ഫോൺ കോൾ വന്നു. മനോരോഗിയായ ജോസ് വാക്കത്തിയും കൈയിൽപിടിച്ച് അലറിക്കൂവി വീട്ടുമുറ്റത്തെത്തിയെന്ന്."

''ഹൊ! എങ്കിൽ നമ്മുടെ ഫോഴ്സുമായി അജിത് അങ്ങോട്ടു ചെല്ല്. ജീനാസംഭവവുമായി ബന്ധപ്പെട്ട ഇഷ്യൂവാ."

"ശരി സാർ." സല്യൂട്ട് ചെയ്ത് അദ്ദേഹം ധൃതിയിൽ പുറത്തിറങ്ങി. പെട്ടെന്നുതന്നെ പൊലീസ് സംഘം സംഭവസ്ഥലത്തേക്കു പാഞ്ഞു. പൊലീസ് ജീപ്പ് മേടയ്ക്കൽ ബംഗ്ലാവിന്റെ ഗേറ്റിനു മുമ്പിലെത്തിയപ്പോൾ, ജോസിന്റെ ആക്രമണമേറ്റ മാത്തുക്കുട്ടിയെയുമായി ആംബുലൻസ് പുറത്തേക്കു വരികയാണ്. സബ്ഇൻസ്പെക്ടറും സംഘാംഗങ്ങളും ചാടിയിറങ്ങി. അപ്പോൾ കൈയിൽ ചോരപുരണ്ട വാക്കത്തിയുമായി പാലച്ചുവട്ടിൽ ജോസ് അവരുടെയടുത്തേക്കു നടന്നടുത്തു.

(തുടരും)

കഥ

# അമ്മ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

മേടസൂര്യൻ പടിഞ്ഞാറേമേടയിൽ അന്തിയുറക്കം തൂങ്ങിത്തുടങ്ങി.

വീടിന്റെ ഉമ്മറത്തെ വെട്ടത്തിൽ പതിവില്ലാതെ പത്തു മക്കളും ഒരുമിച്ചിരുന്നു.

അടുത്തും അകലെയുംനിന്നുമൊക്കെയായി എത്തിച്ചേർന്ന അവർ അച്ഛന്റെ മരണശേഷം ആദ്യമായാണ് ഇങ്ങനെ ഒത്തുകൂടുന്നത്. എല്ലാവർക്കും തിരക്കാണ്.

രാത്രി വൈകിയാണെങ്കിലും തിരിച്ചുപോകണം. അതുകൊണ്ട് എത്രയും പെട്ടെന്ന് കാര്യങ്ങൾ പറഞ്ഞു തീരുമാനിക്കണം, പിരിയണം.

“അമ്മ എന്റേമാത്രമല്ല, പത്തുപേരുടെ യുംകൂടിയാ.” പത്താമൻതന്നെ സംസാരത്തിനു തുടക്കമിട്ടു.

“നോക്കാനും ശുശ്രൂഷിക്കാനുമുള്ള ബാധ്യതയുടെ വീതം എല്ലാർക്കുമുണ്ട്.

ആർക്കും ഒഴിഞ്ഞുമാറാനാവില്ല. നാളിന്നോളം ഏറ്റവും ഇളയവനെന്ന നിലയിൽ ഞാൻ പരിചരിച്ചു.

ഞാനും മനുഷ്യനാ. പിള്ളേരും ഭാര്യയുമുണ്ട്.

അവളുടെ തുച്ഛമായ ശമ്പളംകൊണ്ടാ കുടുംബം കഴിയുന്നത്.”

“ഉണ്ടായിരുന്ന ജോലി തത്കാലം വേണ്ടെന്നുവച്ചിട്ടാ അമ്മയെ നോക്കി ഇവിടെ നില്ക്കുന്നത്. വളരെ കഷ്ടത്തിലാ. അതുകൊണ്ട് ഓരോരുത്തരും മാറിമാറി അമ്മയെ വീടുകളിൽ കൊണ്ടുപോയി ശുശ്രൂഷിക്കുക. എനിക്കിത്രയേ പറയാനുള്ളൂ.”

“കാര്യം നീ പറഞ്ഞതൊക്കെ ശരിയാ.”

തല മൂത്ത ഒന്നാമൻ ബാക്കി പറയാൻ തുടങ്ങി:

“എന്നാലും, ഞാനെങ്ങനെ അമ്മയെ കൊണ്ടുപോയി നോക്കാനാ. നിങ്ങൾക്കറിയാല്ലോ,

മക്കൾ മൂന്നാളും വിദേശത്ത്. വീട്ടിൽ ഞാനും അവളുംമാത്രം. അവൾക്കാണെങ്കിൽ വാതത്തിന്റെ അസുഖവും. വീട്ടുജോലികളെല്ലാം ഞാൻ തന്നെയാ ചെയ്യുന്നത്. അതിന്റെ കൂടെ വയസ്സായ അമ്മ യുംകൂടിയുണ്ടായാലുള്ള സ്ഥിതി എന്തായിരിക്കും?”

“അങ്ങനെ ചേട്ടൻ നൈസായി കൈ കഴുകി.” രണ്ടാമൻ ഏറ്റുപിടിച്ചു:

“ഞാൻ കുറച്ചുനാളത്തേക്ക് അമ്മയെ എന്റെ വീട്ടിൽ കൊണ്ടുപോയതാണല്ലോ. പക്ഷേ, എന്റെ ഭാര്യയ്ക്ക് അമ്മായിയമ്മശുശ്രൂഷ അത്ര താത്പര്യമില്ലാത്ത മട്ടാ. മോളുടെ കല്യാണം കഴിഞ്ഞതോടെ അവരുടെകൂടെ ലണ്ടനിൽ പോയി താമസിക്കണമെന്നാ അവളുടെ വാശി. അതിനെന്നെ നിർബ്ബന്ധിച്ചുകൊണ്ടുള്ള വഴക്കാ എന്നും.”

“അധികം താമസിയാതെ ഞങ്ങൾ അങ്ങോട്ടുപോകും. അപ്പോൾപ്പിന്നെ അമ്മയെ ഞാനെങ്ങനെ കൊണ്ടുപോകാനാ?”

“എല്ലാർക്കും അവരവരുടെ ന്യായങ്ങളുണ്ട്” മൂന്നാമത്തവൾ ശേഷം ഏറ്റെടുത്തു:

“അമ്മയെ കൊണ്ടുപോയി കുറച്ചുനാൾ നോക്കണമെന്ന് എനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല.

പക്ഷേ, വീട്ടിലെ സാഹചര്യം അതിനു ചേർന്നതല്ല. ഭർത്താവിന്റെ പെട്ടെന്നുള്ള മരണത്തിനുശേഷം കുടുംബഭാരം മുഴുവൻ എന്റെ തലേലായി. നഴ്സിങ്ങിനു പഠിക്കുന്ന രണ്ടു പെൺകുട്ടികളുണ്ട്. അവരുടെ ചെലവുകൾക്കായി നല്ലൊരു തുക മാസാമാസം വേണം.”

“ഒരു ചെറിയ ജോലിയുള്ളതുകൊണ്ടാ അക്കാര്യങ്ങളൊക്കെ ഒരുവിധം ഞാൻ നടത്തിക്കൊണ്ടുപോകുന്നത്. അമ്മയെ കൊണ്ടുപോയി വീട്ടിൽ നിർത്തിയാൽ ജോലിക്കു പോക്ക് നില്ക്കും. അതോടെ കുടുംബത്തിന്റെ കാര്യം കട്ടപ്പൊകയാകും. ഞാനെന്താ ചെയ്ക?”

നേരം ഇരുളുകയാണ്. സംസാരം നീളുകയും. അയൽവീടുകളിലെ വിളക്കുകൾ ഓരോന്നായി അണഞ്ഞുതുടങ്ങി.

“അമ്മയെ കുറച്ചുകാലം വീട്ടിൽ നിർത്തി പരിചരിക്കണമെന്ന് എനിക്കും മോഹമുണ്ട്” നാലാമത്തവൾ കേറിപ്പിടിച്ചു:

“പക്ഷേ, ചേച്ചിക്കുള്ളതുപോലെയുള്ള ചില ബുദ്ധിമുട്ടുകൾ എനിക്കുമുണ്ട്.

എന്റെ ഭർത്താവാണെങ്കിൽ ഒരു മുഴുക്കുടിയനാ. വീട്ടിലെന്നും അടിയും ചീത്തവിളിയുമാ.

ഒരു സൈ്വരവുമില്ല. സ്വസ്ഥതയില്ലായ്മ കാരണം രണ്ടാൺമക്കളുള്ളത് വല്ലപ്പോഴുമേ വീട്ടിൽ വരാറുള്ളൂ. അങ്ങനെയുള്ള ഒരിടത്തേക്ക് ഞാനെങ്ങനെയാ അമ്മയെ കൊണ്ടുപോകുന്നത്,




നിങ്ങൾ പറ.”

“ഇനിയിപ്പം എനിക്കു പറയാനുള്ളത് കേൾക്കുക.” അഞ്ചാമന്റെ ഊഴമായി:

“എന്റെകൂടെ കുറേക്കാലം അമ്മയെ കൊണ്ടുപോകാമെന്നു വിചാരിച്ചാൽ, ബാംഗ്ലൂരിലെ കാലാവസ്ഥയും നഗരജീവിതവുമൊന്നും അമ്മയ്ക്കു പിടിക്കില്ല. ഒരു പ്രാവശ്യം കൊണ്ടുപോയിട്ടുതന്നെ മൂന്നാംപക്കം അമ്മയുടെ നിർബന്ധംമൂലം തിരിച്ചുകൊണ്ടുവന്നില്ലേ? ഞാനെന്തു ചെയ്യാനാ?”

“ഓ, അങ്ങനെയുള്ള മുടന്തൻന്യായങ്ങൾ പറഞ്ഞ് ചേട്ടന് ഒഴിയാൻപറ്റുവോ?

എങ്ങനെയെങ്കിലും അമ്മയെ പറഞ്ഞുസമ്മതിപ്പിച്ച് കൂടെ നിർത്തണം. അല്ലാതെ, അടുത്ത വണ്ടിക്ക് തിരിച്ചുകൊണ്ടുവരികയല്ല ചെയ്യേണ്ടത്.”

ആറാമൻ പറഞ്ഞുതുടങ്ങിയപ്പോൾ അഞ്ചാമന്റെ സ്വരം മാറി:

“എന്നാൽ നീ കൊണ്ടുപോയി നോക്കെടാ”, ചർച്ചയ്ക്കു ചൂടുകൂടുന്നപോലെ പലർക്കും തോന്നി.

ആറാമൻ തുടർന്നു:

“അമ്മയെ കുറച്ചുനാൾ പരിചരിക്കണമെന്ന് എനിക്ക് ഒത്തിരിയാഗ്രഹമുണ്ട്. പക്ഷേ, എനിക്കിന്നും സ്വന്തമായൊരു വീടില്ല. ചെറിയൊരു വാടകവീട്ടിലാണ് ഞങ്ങൾ കഴിഞ്ഞുകൂടുന്നത്.

അധികംവൈകാതെ അവിടെനിന്നും മാറിപ്പോകണം. മറ്റൊരിടം കണ്ടെത്തണം.

ഇങ്ങനെ നാടോടിയായി നടക്കുന്ന ഞാൻ എങ്ങനെ അമ്മയെ കൂടെക്കൂട്ടും? നിങ്ങളെല്ലാരുംകൂടി ഒരു വീട് വയ്ക്കാൻ എന്നെ സഹായിക്ക്. അല്ലാ പിന്നെ.”

“അതേയ്, കിട്ടുന്ന കാശിനു കള്ളും കുടിച്ച് തോന്ന്യാസം നടക്കുമ്പോൾ ചിന്തിക്കണം കിടക്കാൻ സ്വന്തമായൊരിടം വേണമെന്ന്. മറ്റുള്ളവരെ പഴിച്ചിട്ടു കാര്യമില്ല.” ഏഴാമത്തവൾ ഇടയ്ക്കു കയറി.

“എന്നെ കെട്ടിച്ചിടത്തേക്ക് അമ്മയെ കൊണ്ടുപോയി ശുശ്രൂഷിക്കാനുള്ള സ്ഥിതിയല്ല അവിടെയുള്ളത്. കെട്ടിക്കേറിച്ചെന്നപ്പോൾ കാതിലും കഴുത്തിലും കാര്യമായിട്ടൊന്നും ഇല്ലായിരുന്നു എന്ന കാരണം പറഞ്ഞ് കെട്ടിയോനും വീട്ടുകാരും എപ്പോഴും കലഹമാ.”

“മക്കളിൽ മൂത്തവൾക്കാണെങ്കിൽ ആശുപത്രീന്നിറങ്ങാൻ നേരമില്ല.

ഈ കോലാഹലങ്ങൾക്കിടയിൽ അമ്മയെ ഞാനെങ്ങനെ കൂടെ നിർത്തും?”

ഇരുട്ടിനു കറുപ്പ് കൂടിവന്നു.

വയസ്സായ അമ്മയെന്ന ഭാരം എങ്ങനെയും ഒഴിവാക്കാനുള്ള തത്രപ്പാടിൽ മക്കൾ

പൈദാഹങ്ങളൊക്കെ മറന്നപോലെ!

“എന്റെ അവസ്ഥയെപ്പറ്റി ഞാൻ പറയാതെതന്നെ എല്ലാർക്കുമറിയാല്ലോ.” എട്ടാമന്റെ ഊഴമാണ്:

“കഴിഞ്ഞ പതിനഞ്ചുവർഷമായി തളർന്നുകിടക്കുന്ന എന്റെ ഭാര്യയെ ശുശ്രൂഷിച്ചുപോരുന്നത് ഞാനാണ്. ആകെയുള്ള മകൾ പഠിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പറ, ഞാനെങ്ങനെ അമ്മയെയുംകൂടി നോക്കും?”

എല്ലാർക്കും ഒടുവിലായി ഒമ്പതാമൻ പറഞ്ഞുതുടങ്ങി:

“കാര്യം പഠിപ്പും വിദ്യാഭ്യാസവുമൊക്കെ യുണ്ടെങ്കിലും ഇന്നും ഒരു കല്യാണം കഴിക്കാൻ കഴിയാതെ നില്ക്കുന്ന ഞാൻ ചെറിയൊരു ജോലിയുമായി പട്ടണത്തിൽ ഒറ്റയ്ക്കിങ്ങനെ

കഴിയുവാ. അമ്മയുടെ ചെലവിനായി മാസവരുമാനത്തിന്റെ ഒരുവീതം മുടങ്ങാതെ അയച്ചുകൊടുക്കുന്നുണ്ട്.”

“വല്ലപ്പോഴുമൊക്കെ ഇവിടെവന്ന് ഒന്നുരണ്ടു ദിവസം നില്ക്കാറുമുണ്ട്. അതിൽ കൂടുതൽ ഞാനെന്തുചെയ്യാനാ?”

പത്താളും പറഞ്ഞുനിർത്തി. അവശയായ അമ്മയെന്ന ബാധ്യതയുടെ വീതം ഔദാര്യപൂർവം വേണ്ടെന്നുവച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ അവർ പരസ്പരം നോക്കിയിരുന്നു.

അവരുടെ മൗനത്തിന് പുറത്തെ ഇരുളിനേക്കാൾ കറുപ്പുണ്ടായിരുന്നു.

ചുവരിലെ ഘടികാരം പത്തു തവണ ശബ്ദിച്ചു.

വിയർപ്പിന്റെ ഗന്ധമുള്ള ആ രാത്രിയിൽ തെക്കേ മുറിയിലെ മരക്കട്ടിലിൽ രോഗിണിയായ അമ്മ തനിച്ച് തണുത്തുറങ്ങി.

തുറന്നിട്ട ജനലിനോടുചേർന്നുള്ള മേശപ്പുറത്ത് നേരം തെറ്റാതെ അമ്മയ്ക്ക് എടുത്തുകൊടുക്കേണ്ട മരുന്നുകളുടെ പാത്രം തുറക്കാതെ കിടന്നു.

പത്തു പെറ്റതിനുള്ള ആദരവായി കിട്ടിയ പൊന്നാട അടുത്തുള്ള അയയിൽ അനാഥമായി തൂങ്ങിക്കിടന്നു.

# ശത്രുവിന്റെ ശത്രുവിനെ മിത്രമാക്കുമ്പോൾ

*1-ാം പേജ് തുടർച്ച*





തുടർന്നു രണ്ടുപതിറ്റാണ്ടിനുശേഷം 2021 ൽ സഖ്യസേന പിൻവാങ്ങിയതിനെത്തുടർന്നു വീണ്ടും അഫ്ഗാൻ താലിബാൻ ഭരണത്തിലെത്തിയപ്പോൾ അവരെ ആദ്യം അംഗീകരിച്ചത് പാക്കിസ്ഥാനാണ്. ഇപ്പോൾ പാക്കിസ്ഥാനും താലിബാനും തമ്മിൽ അക്രമം അഴിച്ചുവിടുമ്പോൾ ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന ഒട്ടനവധി അജണ്ടകളും താത്പര്യങ്ങളുമുണ്ടെന്നു വ്യക്തം. എന്നിരുന്നാലും ഭീകരവാദത്തെ പിന്തുണയ്ക്കുന്നവരുമായി കൈകോർക്കുമ്പോൾ ഇന്ത്യ രണ്ടുവട്ടം ആലോചിച്ചില്ലെങ്കിൽ തിരിച്ചടികളുണ്ടാകാം.

**ഇന്ത്യ ലക്ഷ്യം വയ്ക്കുന്നതെന്ത്?**

2021 ൽ താലിബാൻ അഫ്ഗാനിസ്ഥാൻ ഭരണം പിടിച്ചെടുത്തതിനുശേഷം ആദ്യമായിട്ടാണ് അഫ്ഗാനിസ്ഥാൻ നയതന്ത്രസംഘം ഇന്ത്യയിലെത്തുന്നത്. വിദേശകാര്യമന്ത്രി അമീർഖാൻ മുത്തഖിയുടെ നേതൃത്വത്തിലുള്ള ഇന്ത്യാ സന്ദർശനം ഏറെ വിവാദങ്ങളും സൃഷ്ടിച്ചിരുന്നു. പത്രസമ്മേളനത്തിൽനിന്ന് വനിതാ മാധ്യമപ്രവർത്തകരെ ആദ്യം മാറ്റിനിർത്തിയെങ്കിലും പിന്നീട് മന്ത്രിക്കു വഴങ്ങേണ്ടിവന്നു.

ഭീകരവാദ താലിബാൻ ഭരണകൂടത്തെ ഇന്ത്യ അംഗീകരിക്കുന്നുവോ എന്ന ആശങ്ക ഉയരുമ്പോഴും മധ്യേഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമാണ് അഫ്ഗാനിസ്ഥാൻ എന്ന വസ്തുത വിസ്മരിക്കരുത്. പാക്കിസ്ഥാന്റെ പടിഞ്ഞാറുള്ള അഫ്ഗാനിസ്ഥാനെയും ഇറാനെയും സൗഹൃദവലയത്തിലുൾപ്പെടുത്തി നിർത്തേണ്ടത് ഇന്ത്യയുടെ സുരക്ഷയ്ക്കിന്ന് അനിവാര്യമാണ്. ഇന്ത്യാവിരുദ്ധ ഭീകരവാദഗ്രൂപ്പുകളുടെ താവളമായി അഫ്ഗാൻ മാറിയാലുള്ള അപകടങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ അതിജീവിക്കണമെങ്കിൽ അഫ്ഗാനിസ്ഥാനെ ചേർത്തുപിടിക്കുക മാത്രമേ ഇന്ത്യയുടെ മുമ്പിൽ വഴിയുള്ളൂ.

ചൈന അഫ്ഗാനിസ്ഥാനിലൂടെയുള്ള റോഡ് നിർമ്മാണം തുടരുന്നു. സമാനമായ ഹൈവേ നിർമ്മാണമാണ് ശ്രീലങ്കയിലും ചൈന നടത്തിയത്. ചൈനയുടെ ബെൽറ്റ് ആന്റ് റോഡ് ഇനിഷ്യേറ്റീവ് വഴിയുള്ള അഫ്ഗാൻമണ്ണിലെ സ്വാധീനത്തെ ഇന്ത്യയ്ക്കു മറികടക്കണം. പാക്കിസ്ഥാന്റെ അഫ്ഗാൻ മേൽക്കോയ്മയ്ക്കും മാറ്റമുണ്ടാകണം. ഇന്ത്യയ്ക്ക് ഈ സാഹചര്യങ്ങളെ അതിജീവിക്കണമെങ്കിൽ അഫ്ഗാൻ ബന്ധം ശക്തമാക്കിയേ തീരൂ. അതിനുപറ്റിയ നല്ല അവസരമാണ് ഇന്ത്യയിപ്പോൾ ഫലപ്രദമാക്കുന്നതെന്നു കരുതാം. പാക്കിസ്ഥാനും ചൈനയും അഫ്ഗാൻ മണ്ണിൽ തങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുവാൻ തന്ത്രപരമായ ഇടപെടലുകൾ നടത്തുന്ന സാഹചര്യത്തിൽ അതിർത്തി പങ്കിടുന്ന രാജ്യമായ ഇന്ത്യയ്ക്കും അടവുതന്ത്രങ്ങൾ മെനയാതെ തരമില്ല.

**പത്തിമടക്കി പാക്കിസ്ഥാൻ**

അഫ്ഗാനിസ്ഥാൻ വിദേശകാര്യമന്ത്രി അമീർഖാൻ മുത്തഖി ഇന്ത്യയിൽ സന്ദർശനം നടത്തുന്നവേളയിൽ അഫ്ഗാൻ തലസ്ഥാനമായ കാബൂളിൽ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നടന്ന സ്ഫോടനങ്ങളുടെ പിന്നിൽ പാക്കിസ്ഥാനാണെന്നു തെളിഞ്ഞിട്ടുണ്ട്. തുടർന്ന് പാക്-അഫ്ഗാൻ സൈന്യങ്ങൾ അതിർത്തിയിൽ ഏറ്റുമുട്ടി. അതോടൊപ്പം പാക് താലിബാനും അഫ്ഗാൻ താലിബാനും തമ്മിൽ ധാരണയായെന്നും കേൾക്കുന്നു. 40 താലിബാൻകാരെ വധിച്ചെന്ന് പാക്കിസ്ഥാനും അവകാശപ്പെടുന്നു. ഖത്തറും സൗദിയും ഇടപെട്ടാണ് താൽക്കാലിക വെടിനിർത്തലുണ്ടായിരിക്കുന്നത്.

ഇതിനിടെ നവംബറിൽ പാക്കിസ്ഥാനിൽ വച്ചുനടക്കേണ്ട ശ്രീലങ്ക-അഫ്ഗാനിസ്ഥാൻ ത്രിദിന ക്രിക്കറ്റ് പരമ്പരയും അവതാളത്തിലാണ്. പാക്കിസ്ഥാൻ ഇന്റലിജൻസും വൻപരാജയത്തിലെത്തിയിരിക്കുന്നത് സൈനിക നേതൃത്വത്തിലും ആശയക്കുഴപ്പങ്ങളേറെ സൃഷ്ടിച്ചിരിക്കുന്നു. പാക്കിസ്ഥാൻതന്നെ പാലൂട്ടി വളർത്തിയ തെഹ്രിക്-ഇ-താലിബാൻ പാക്കിസ്ഥാനും, പട്ടാളത്തിനെതിരേ നീങ്ങുന്നതും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. പാക്കിസ്ഥാൻ അഫ്ഗാനിസ്ഥാനിൽ നടത്തിയ ബോംബാക്രമണങ്ങളെയും വ്യോമാതിർത്തിലംഘനത്തെയും തുടർന്ന് ഇരുകൂട്ടരുടെയും ബന്ധങ്ങൾ മോശമായ അവസ്ഥയിലാണ് ആഭ്യന്തരഭീകരാക്രമണത്തെയും പാക്കിസ്ഥാൻ നേരിടേണ്ടിവന്നിരിക്കുന്നത്. ഈയവസരം മുതലെടുത്തായിരിക്കാം ഇന്ത്യ ശത്രുവിന്റെ ശത്രുവിനെ അതിവേഗം മിത്രമാക്കാൻ ഇറങ്ങിയിരിക്കുന്നത്.

**തീരുമാനങ്ങൾ പ്രതീക്ഷകൾ**

അഫ്ഗാൻജനതയുമായുള്ള ഇന്ത്യയുടെ ദീർഘകാലസൗഹൃദവും സാംസ്കാരികവും ചരിത്രപരവുമായ ബന്ധങ്ങളും ഉയർത്തിക്കാട്ടി 2025 ഒക്ടോബർ 10 ന് ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ.എസ്. ജയശങ്കറും അഫ്ഗാൻ വിദേശകാര്യമന്ത്രി മൗലവി അമീർ ഖാൻ മുത്തഖിയും നടത്തിയ ചർച്ചകളുടെ വിശദാംശങ്ങളും ഏറെ ശ്രദ്ധേയമാണ്. 2021ൽ അഫ്ഗാനിസ്ഥാനിൽനിന്ന് യുഎസ് സൈന്യം പിന്മാറുകയും താലിബാൻ ഭരണം പിടിച്ചെടുക്കുകയും ചെയ്തപ്പോൾ പൂട്ടിയ ഇന്ത്യൻ എംബസി തുറക്കാൻ ധാരണയായിട്ടുണ്ട്. ഇന്നുള്ള താലിബാൻ ഭരണകൂടത്തെ ഈ അടുത്തനാളിൽ അംഗീകരിച്ചത് റഷ്യ മാത്രമാണ്. എംബസി ഇല്ലെങ്കിലും ഇന്ത്യയുടെ ടെക്നിക്കൽ മിഷൻ കാബൂളിൽ പ്രവർത്തിക്കുന്നുണ്ട്. 250 കോടിയിലേറെ ഡോളർ ഈ മിഷനിലൂടെ ഇന്ത്യ അഫ്ഗാൻജനതയുടെ ജീവിതനിലനില്പിനായി മാനുഷികപരിഗണനവച്ച് ചെലവഴിച്ചിട്ടുണ്ട്.

ഇറാനിൽ ഇന്ത്യ നിർമ്മിക്കുന്ന ചബഹാൻ തുറമുഖത്തിലേക്കുള്ള പാത അഫ്ഗാനിസ്ഥാനിലൂടെ ഇന്ത്യയ്ക്ക് ആവശ്യമാണ്. 2023 സെപ്തംബർ 9,10 തീയതികളിൽ ഇന്ത്യ ആതിഥേയത്വം വഹിച്ച് ഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിലെ പ്രധാന പ്രഖ്യാപനമായ ഇന്ത്യ-മിഡിൽ ഈസ്റ്റ് യൂറോപ്പ് ഇടനാഴിക്ക് പാക്കിസ്ഥാൻ പ്രതിബന്ധമായിരിക്കുമ്പോൾ അഫ്ഗാനിസ്ഥാന്റെ മണ്ണ് ഇന്ത്യയ്ക്ക് വേണംതാനും. ഇറാനുൾപ്പെടെ മധ്യപൂർവ രാജ്യങ്ങളുമായുള്ള വ്യാപാരബന്ധത്തിന്റെ സുഗമമായ നടത്തിപ്പിന് അഫ്ഗാനിസ്ഥാൻ സഹകരണം ഇന്ത്യയ്ക്ക് കൂടിയേതീരൂ.

**ഭീകരവാദ താലിബാൻ ഭരണകൂടത്തെ ഇന്ത്യ അംഗീകരിക്കുന്നുവോ എന്ന ആശങ്ക ഉയരുമ്പോഴും മധ്യേഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമാണ് അഫ്ഗാനിസ്ഥാൻ എന്ന വസ്തുത വിസ്മരിക്കരുത്. പാക്കിസ്ഥാന്റെ പടിഞ്ഞാറുള്ള അഫ്ഗാനിസ്ഥാനെയും ഇറാനെയും സൗഹൃദവലയത്തിലുൾപ്പെടുത്തി നിർത്തേണ്ടത് ഇന്ത്യയുടെ സുരക്ഷയ്ക്കിന്ന് അനിവാര്യമാണ്. ഇന്ത്യാവിരുദ്ധ ഭീകരവാദഗ്രൂപ്പുകളുടെ താവളമായി അഫ്ഗാൻ മാറിയാലുള്ള അപകടങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ അതിജീവിക്കണമെങ്കിൽ അഫ്ഗാനിസ്ഥാനെ ചേർത്തുപിടിക്കുക മാത്രമേ ഇന്ത്യയുടെ മുമ്പിൽ വഴിയുള്ളൂ.**

സമാധാനവും സ്ഥിരതയും പരസ്പരവിശ്വാസവും പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകത ചർച്ചകളിൽ ഇരുകൂട്ടരും ചൂണ്ടിക്കാട്ടിയപ്പോൾ പഹൽഗാം ഭീകരാക്രമണത്തെ അഫ്ഗാനിസ്ഥാൻ അപലപിച്ചതിനെയും ഇന്ത്യയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനെയും പരാമർശിച്ചു. ഇന്ത്യയ്ക്കെതിരേ അഫ്ഗാനിസ്ഥാന്റെ പ്രദേശം ഉപയോഗിക്കുവാൻ ഒരു ഗ്രൂപ്പിനെയോ വ്യക്തിയെയോ സർക്കാർ അനുവദിക്കില്ലെന്ന് മുത്തഖി വ്യക്തമാക്കിയത് ഇന്ത്യയുടെ നയതന്ത്രവിജയമാണ്. അഫ്ഗാനിസ്ഥാനിലെ നൻഗർഹാർ, കുനാർ പ്രവിശ്യകളിൽ അടുത്തനാളുകളിലുണ്ടായ ഭൂകമ്പത്തിൽ ദുരിതാശ്വാസവുമായി കടന്നുവന്ന ഇന്ത്യയ്ക്കും അഫ്ഗാൻ വിദേശകാര്യമന്ത്രി നന്ദി പറഞ്ഞു. വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അഫ്ഗാനിസ്ഥാന്റെ വികസനസഹകരണ പദ്ധതികളിൽ പ്രത്യേകിച്ച് ആരോഗ്യസംരക്ഷണം, പൊതുഅടിസ്ഥാനസൗകര്യങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ ഇന്ത്യ കൂടുതൽ ഇടപെടൽ നടത്തണമെന്ന് നിർദേശം സർക്കാരിന്റെ പരിഗണനയിലേക്ക് സമർപ്പിക്കുകയും ചില തുടർപദ്ധതികൾക്ക് ഉടൻതന്നെ ധാരണയുണ്ടാവുകയും ചെയ്തു.

ഭക്ഷ്യധാന്യങ്ങൾ, സാമൂഹിക സഹായവസ്തുക്കൾ തുടങ്ങിയ മാനുഷിക സഹായപദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും തുടരാനും തീരുമാനിച്ചു. അഫ്ഗാനിസ്ഥാനിലേക്കു തിരിച്ചയയ്ക്കപ്പെട്ട അഭയാർഥികളുടെ ആവശ്യങ്ങൾ പരിഹരിക്കുവാൻ മാനുഷികമായ പിന്തുണയും ഇന്ത്യ പ്രഖ്യാപിച്ചു. സാംസ്കാരികരംഗത്ത്, പ്രത്യേകിച്ച് ക്രിക്കറ്റിൽ കൂടുതൽ സഹകരണം, ഇന്ത്യ-അഫ്ഗാനിസ്ഥാൻ എയർ ഫ്രൈറ്റ് കോറിഡോർ, വ്യാപാര, വാണിജ്യം ശക്തിപ്പെടുത്തൽ, പുതിയ ഇടനാഴി കണക്ടിവിറ്റി സുഗമമാക്കൽ, ഉഭയകക്ഷിവ്യാപാരം വർദ്ധിപ്പിക്കൽ എന്നിവയിലും തീരുമാനമായി.

അഫ്ഗാൻ ഖനനമേഖലയയിൽ കൂടുതൽ നിക്ഷേപമിറക്കാൻ അമീർ ഖാൻ മുത്തഖി ഇന്ത്യൻ കമ്പനികളെ ക്ഷണിച്ചു. സുസ്ഥിര ജല മാനേജുമെന്റിന്റെ പ്രാധാന്യം ഇരുപക്ഷവും അടിവരയിട്ടു. അഫ്ഗാനിസ്ഥാന്റെ ഊർജാവശ്യങ്ങൾക്കും കാർഷികവികസനം ത്വരിതപ്പെടുത്തുവാനും ജലപദ്ധതികളിൽ സഹകരിക്കും. ഹെറാത്തിലെ സൽവ അണക്കെട്ടിന്റെ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും ഇന്ത്യ നൽകുന്ന സഹായവും ചർച്ചകളിൽ പരാമർശിക്കപ്പെട്ടു. താലിബാൻ ഭരണമാണെങ്കിലും അഫ്ഗാൻമണ്ണിനെയും ജനതയെയും ഇന്ത്യയോടു ചേർത്തുനിർത്തേണ്ടത് രാഷ്ട്രീയ, വ്യാപാര മുന്നേറ്റത്തിനും, അതിർത്തിസംരക്ഷണത്തിനും, പാക്കിസ്ഥാൻ, ചൈന, അമേരിക്ക എന്നീ രാജ്യങ്ങളോടുള്ള വിലപേശലിനും ഇന്ത്യയ്ക്കിന്ന് അനിവാര്യമാണ്.

# സമർപ്പിതർക്കിടയിൽ ഗൃഹാന്തരീക്ഷം വളർത്തിയെടുക്കണം : പാപ്പാ



വത്തിക്കാൻസിറ്റി: സമർപ്പിതർക്കിടയിൽ ഗൃഹാന്തരീക്ഷം വളർത്തിയെടുക്കണമെന്നു ലെയോ പതിന്നാലാമൻ പാപ്പാ. റോമിലെ പൊന്തിഫിക്കൽ പോർച്ചുഗീസ് കോളജിലെ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. സമർപ്പിതർക്കിടയിൽ, ഒരു ഗാർഹികമായ അനുഭവം വളർത്തിയെടുക്കണമെന്നും, രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദന്മാർക്ക് അഭയം കൊടുക്കാൻ ഈ കോളജിനു സാധിച്ചിട്ടുള്ളതിനാൽ, ദൈനംദിന സാഹോദര്യം കെട്ടിപ്പടുക്കുക എന്നത് അംഗങ്ങളുടെ പാരമ്പര്യവും ഉത്തരവാദിത്വവുമാണെന്നും പാപ്പാ ഓർമപ്പെടുത്തി. സിനഡാത്മകതയുടെയും, കൂട്ടായ്മയുടെയും പ്രാധാന്യം പാപ്പാ എടുത്തു പറയുകയും ചെയ്തു. ഈ കോളജിന്റെ സ്ഥാപനോദ്ദേശ്യം ഒന്നു മാത്രമാണെന്നും, അതു സുവിശേഷം പ്രസംഗിക്കുക എന്നതാണെന്നും പാപ്പാ അടിവരയിട്ടു പറഞ്ഞു.

മനുഷ്യന്റെ പുരോഗതിക്കും, ദൈവത്തിന്റെ മഹത്ത്വത്തിനുംവേണ്ടി, സിനഡാത്മകകൂട്ടായ്മ വളർത്തുന്നതിനാണ് ഇന്നു സഭാസമൂഹം വിളിക്കപ്പെട്ടിരിക്കുന്നതെന്നും, അതിനാൽ പരസ്പരം ശ്രവിക്കുന്നതിനും, മറ്റുള്ളവരിലുള്ള പരിശുദ്ധാത്മപ്രചോദനത്തെ ബഹുമാനിക്കുന്നതിനും, കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയുന്നതിനും, അപ്രകാരം ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനായി പരസ്പരം കൂട്ടായ്മയിൽ വർത്തിക്കുന്നതിനും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു.

സഭയുടെ സാർവത്രികതയും, ദൈവികകരുണയും മനസ്സിലാക്കുന്നതിനാണ്, 1900 ജൂബിലി വർഷത്തിൽ ഈ കോളജ് സ്ഥാപിച്ചതെന്നും പാപ്പാ എടുത്തുപറഞ്ഞു. സംസ്കാരങ്ങളുടെ സൗന്ദര്യം പങ്കുവയ്ക്കുന്നതിലൂടെയും, പ്രാദേശികസഭകളുടെ സമൃദ്ധിക്കും അജപാലനാനുഭവത്തിനും സാക്ഷ്യം വഹിക്കുന്നതിലൂടെയും, റോമിൽ സഭയുടെ സാർവത്രികതയെക്കുറിച്ചുള്ള ഏവരുടെയും ധാരണ വർധിക്കുന്നുവെന്നു പാപ്പാ സന്ദേശത്തിൽ ചൂണ്ടിക്കാണിച്ചു.

ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ഒഴുകുന്ന കരുണയുടെ ദാനത്തെക്കുറിച്ച് കൂടുതൽ തീവ്രമായ അവബോധം നേടാനുള്ള അവസരമാണ് ജൂബിലിവർഷങ്ങൾ എന്ന് ഓർമപ്പെടുത്തിയ പാപ്പാ, കർത്താവിന്റെ കരുണയാർന്ന ഹൃദയത്തിൽ ഏവരെയും പ്രതിഷ്ഠിക്കാനും ആഹ്വാനം ചെയ്തു. യേശുവിന്റെ തിരുഹൃദയത്തിനു സമർപ്പിക്കപ്പെട്ട ഒരു ഭവനം എന്ന നിലയിൽ, യേശുവിനെപ്പോലെ ഒരു ഹൃദയത്തിന്റെ ആവശ്യകത ഏറെ പ്രധാനപ്പെട്ടതാണെന്നും പാപ്പാ ചൂണ്ടിക്കാണിച്ചു.




മാത്യൂസ് ആർപ്പൂക്കര 26

## പെൻഗ്വിനുകളുടെ കടൽ

**പെ**ൻഗ്വിനുകളുടെ കടലെന്നു വിശേഷിപ്പിക്കാവുന്ന ഇടമാണ് അന്റാർട്ടിക്ക ഭൂഖണ്ഡം. മഞ്ഞിനുമേലേ അടിവച്ചു നീങ്ങുന്ന ലക്ഷക്കണക്കിനു പെൻഗ്വിനുകളെ അവിടെ കാണാം. ലോകത്തൊട്ടാകെയുള്ള പതിനെട്ടിനം പെൻഗ്വിനുകളിൽ ആറിനം മാത്രമാണ് ദക്ഷിണധ്രുവപ്രദേശത്തുള്ളത്. ഇതിൽത്തന്നെ രണ്ടിനം മാത്രമേ അന്റാർട്ടിക്കൻ വൻകരയിലുള്ളൂ. മറ്റുള്ളവയെല്ലാം അന്റാർട്ടിക്കയിലെ മറ്റു ദ്വീപുകളിൽ കഴിയുന്നു.

ദക്ഷിണധ്രുവപ്രദേശത്തിനു പുറത്ത്, ഓസ്ട്രേലിയയുടെയും ആഫ്രിക്കയുടെയും സൗത്ത് അമേരിക്കയുടെയും തെക്കുഭാഗത്തുള്ള ദ്വീപുകളിലാണ് പെൻഗ്വിനുകൾ ജീവിക്കുന്നത്. ഭൂമധ്യരേഖയ്ക്കടുത്തുള്ള തെക്കേഅമേരിക്കൻ ദ്വീപായ ഗാലപ്പഗോസിലും ഒരിനം പെൻഗ്വിനുകളെ കാണാനാവുന്നു. എന്നാൽ, പെൻഗ്വിനുകളിൽ ഒരിനംപോലും ഉത്തരാർധഗോളത്തിൽ കാണുന്നില്ല.

അഡിില്ലെ പെൻഗ്വിനുകളും എംപർ പെൻഗ്വിനുകളുമാണ് ശരിയായ ധ്രുവവാസികളെന്നു പറയണം. പെൻഗ്വിനുകളിലെ കുള്ളന്മാരാണ് അഡില്ലെകൾ. വെറും ഒന്നരയടി ഉയരം മാത്രം. എന്നാൽ, പെൻഗ്വിനുകളുടേതായ എല്ലാ പ്രത്യേകതകളും ഇവയ്ക്കുണ്ടുതാനും. കരിംകറുപ്പ് പുറംഭാഗവും വെളുത്ത അടിഭാഗവും, ചെറുകൊക്ക്, പരന്ന പിൻകാലുകളിൽ അങ്ങോട്ടുമിങ്ങോട്ടും ഇത്തിരി ആടിയുള്ള നടത്തം, തുഴകളായി രൂപപ്പെട്ടിരിക്കുന്ന ചിറകുകൾ എന്നിങ്ങനെ പ്രത്യക്ഷലക്ഷണങ്ങൾ. കൊക്കിനടിഭാഗത്തെ നേരിയ തവിട്ടുനിറവും കാലുകളുടെ തവിട്ടുകലർന്ന




ചുവപ്പുനിറവും മാത്രമേ അഡില്ലകളുടെ ദേഹത്ത് കറുപ്പും വെളുപ്പുംകൂടാതുള്ളൂ. പെൻഗ്വിനുകൾ നിവർന്നു നില്ക്കുമ്പോൾ ദേഹം താങ്ങിനിർത്താൻ അവയുടെ കൂർത്ത വാൽത്തൂവലുകൾ സഹായിക്കുന്നുണ്ടെന്നു തോന്നും.

പെൻഗ്വിനുകൾക്കിടയിൽ ഏറ്റവും വലുത് എംപററുകളാണ്. മൂന്നടി ഉയരമുള്ള ഈ ചക്രവർത്തി പെൻഗ്വിനുകൾ ഭംഗിയിലും മറ്റുള്ളവരെ പിന്നിലാക്കുന്നു. പറക്കാൻ തീരെ മറന്നുപോയ പക്ഷികളാണ് പെൻഗ്വിനുകൾ. അതിനുപകരം മറ്റൊരു കഴിവുണ്ട്. ഒന്നാന്തരം നീന്തൽക്കാരാണ്. വളരെ വേഗത്തിലും വളരെ ദൂരേക്കും സമർഥമായി നീന്താനാവും. മാത്രമല്ല, വെള്ളത്തിലേക്കു കുതിച്ചുചാടാനും മുങ്ങാംകുഴിയിടാനും പതിനഞ്ചു മിനിട്ടോളം മുങ്ങിക്കിടക്കാനും ഇവയ്ക്കു കഴിയും. വെള്ളത്തിനടിയിൽനിന്നാണ് ഈ പക്ഷികൾ ആഹരിക്കുക. മത്സ്യങ്ങളും സ്കിഡുകൾപോലുള്ള ജീവികളുമാണ് പ്രധാനാഹാരം.

സീലുകളും കില്ലർവെയിലുകളുമാണ് പെൻഗ്വിനുകളുടെ പ്രധാനശത്രുക്കൾ. വെള്ളത്തിൽവച്ചാണ് ഇവ പെൻഗ്വിനുകളെ ആക്രമിക്കുക. കരയിലാകട്ടെ പെൻഗ്വിനുകൾക്കു ശത്രുക്കളില്ല എന്നുതന്നെ പറയാം, പ്രത്യേകിച്ചും മുതിർന്നവയ്ക്ക്. 'സ്കൂവ' പക്ഷികൾ തരംകിട്ടിയാൽ പെൻഗ്വിൻ കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടുപോകുന്ന കാഴ്ച കാണാം. ■




### ലെയോ മാർപാപ്പായ്ക്ക് സ്നേഹപൂർവം
**ബിഷപ് തോമസ് ചക്യത്ത്**



ലെയോ പതിന്നാലാമൻ മാർപാപ്പായുടെ ജീവിതവും ദർശനവും സമ്യക്കായി പ്രതിപാദിക്കുന്ന ഒരു സൽഗ്രന്ഥം. കത്തുകൾ രൂപേണയുള്ള രചനയിലൂടെ അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നത് ദൈവികരഹസ്യങ്ങളുടെ അദ്ഭുതകരമായ ലോകത്തിലേക്കാണ്. **പ്രസാധനം: മാർ ലൂയിസ് പബ്ലിക്കേഷൻസ്, കൊച്ചി. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 100.

### എനിക്കും വിജയിക്കണം
**ജോൺ കുര്യൻ വടക്കേക്കര**




വായനക്കാരെ ഉണർത്തുന്ന പ്രചോദനാത്മകമായ സന്ദേശങ്ങൾ. വിദ്യാർഥികളും അധ്യാപകരും മാതാപിതാക്കളും എന്നുവേണ്ട വിജയം ആഗ്രഹിക്കുന്നവരെല്ലാം വായിച്ചിരിക്കേണ്ട ഒരു ഉത്തമഗ്രന്ഥം. **പ്രസാധനം: ജെ.കെ.വി. ഇമേജ് ബുക്സ്. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 90.

### നിന്നെയും കാത്ത്
**ജോയി ചെഞ്ചേരിൽ MCBS**



വീഞ്ഞിനെക്കാൾ മധുരതരം ഈ കൃതി. ഇളം മഞ്ഞിന്റെ ആവരണത്തിലൂടെ കാണുന്ന നിലാദൃശ്യംപോലെ മൃദുലമോഹനമാണു കഥാതന്തു. അന്വേഷിച്ചാൽ കണ്ടെത്തുന്ന അമരസ്നേഹരൂപനെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ പോന്ന രചന. **പ്രസാധനം: ലൈഫ് ഡേ ബുക്സ് കോട്ടയം, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 130.

### മണിയംകുന്നിലെ മാണിക്യം
**സി. ജോസ് മേരി എഫ്.സി.സി.**




കൊളേത്താമ്മയുടെ ജീവിതം ഈശോയോടുള്ള സ്നേഹത്തിന്റെ കൂടിക്കാഴ്ച ജീവിതാന്ത്യം വരെ നിലനിർത്തണമെന്ന് ഓരോ സമർപ്പിതനോടും സമർപ്പിതയോടും, അതിലുപരി ഓരോ ദൈവാന്വേഷകനോടും ആവശ്യപ്പെടുന്നു. **പ്രസാധനം: പ്രൊവിൻഷ്യൽ സുപ്പീരിയർ, അൽഫോൻസാ ജ്യോതി പ്രോവിൻസ് ഭരണങ്ങാനം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 100.

# വിശുദ്ധർ, മിശിഹായുടെ സ്നേഹിതർ

***2025 ഒക്ടോബർ മാസം 19-ാം തീയതി ഞായറാഴ്ച റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ അങ്കണത്തിൽവച്ച് പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻപാപ്പാ വാഴ്ത്തപ്പെട്ടവരായ തുർക്കിയിൽനിന്നുള്ള അർമേനിയൻ കത്തോലിക്കാ ബിഷപ് ഇഗ്നാസിയോ ഷുക്രള്ള മലായൻ, പാപ്പുവ ന്യൂഗിനിയയിൽ നിന്നുള്ള പീറ്റർ തോ റോത്ത്, ഇറ്റലിയിൽനിന്നുള്ള സിസ്റ്റർ വിൻചെൻ സാ മരിയ പൊലോണി, വെനസേലയിൽനിന്നുള്ള സിസ്റ്റർ മരിയ ദെൽ മൊന്തെ കാർമെലോ റെന്തിലസ് മർത്തിനെസ്, മരിയ ത്രൊങ്കാത്തി, ഹൊസ്സെ ഗ്രെഗോറിയോ ഹെർണാണ്ടസ് സിസ്നെരോസ്, ബർത്തോലോ ലോംഗോ എന്നീ ഏഴു പേരുടെ വിശുദ്ധപദപ്രഖ്യാപനാവസരത്തിൽ വിശുദ്ധ കുർബാനമധ്യേ നല്കിയ സുവിശേഷസന്ദേശത്തിൽനിന്ന്:***





**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

പ്രിയ സഹോദരീ സഹോദരന്മാരേ, ഇപ്പോൾ നമ്മൾ ശ്രവിച്ച സുവിശേഷഭാഗത്തിന്റെ (ലൂക്കാ 18: 1-8) അവസാനത്തെ വാക്യം ഒരു ചോദ്യമാണ്: മനുഷ്യപുത്രൻ വരുമ്പോൾ, ഭൂമിയിൽ വിശ്വാസം കണ്ടെത്താൻ അവനു സാധിക്കുമോ? (ലൂക്കാ 18:8). കർത്താവിന്റെ ദൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ഠമായത് വിശ്വാസമാണെന്നാണ് ഈ ചോദ്യം നമുക്കു വെളിപ്പെടുത്തുന്നത്. വിശ്വാസമെന്നാൽ, ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധമാണ്. ഇന്നു നമ്മുടെ മുമ്പിൽ, ദൈവകൃപയാൽ, വിശ്വാസവെളിച്ചത്തിന്റെ ജ്വാല കെടാതെ നിലനിർത്തിയ ഏഴു പുത്തൻ വിശുദ്ധർ കർത്താവിനു സാക്ഷ്യം വഹിക്കുന്നു. അവർ മിശിഹായുടെ പ്രകാശം പരത്തുവാൻ കഴിവുള്ള വിളക്കുകളാണ്.

അതുപോലെ, യുഗാന്ത്യത്തിൽ, ദൈവം മർത്ത്യരായ മനുഷ്യരെ ഇല്ലായ്മയിൽനിന്നു രക്ഷിച്ച് അമർത്ത്യരായിത്തീർക്കും. വിശ്വാസരഹിതവിശ്വം അനാഥമാണ്. രക്ഷിക്കാനൊരു രക്ഷകനില്ലാത്ത പിതൃരഹിതർ.

ഇക്കാരണത്താൽ, മനുഷ്യനായിത്തീർന്ന ദൈവപുത്രനായ ഈശോ ഈ വിശ്വാസത്തെക്കുറിച്ച് ആരായുന്നു. ഭൂമുഖത്തുനിന്ന് വിശ്വാസം അപ്രത്യക്ഷമായാൽ എന്തു സംഭവിക്കും? ആകാശവും ഭൂമിയും പഴയപോലെ തുടരും. പക്ഷേ, നമ്മുടെ ഹൃദയങ്ങളിൽ ഇനി മേലിൽ പ്രത്യാശ ഉണ്ടാവില്ല. മനുഷ്യസ്വാതന്ത്ര്യത്തെ മരണം പരാജയപ്പെടുത്തും. ജീവിക്കാനുള്ള നമ്മുടെ ആഗ്രഹം മങ്ങിമറയും. ദൈവത്തിൽ വിശ്വസിക്കാതിരുന്നാൽ നിത്യരക്ഷയ്ക്കായുള്ള പ്രതീക്ഷ അപ്രത്യക്ഷമാകും.

മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ അവനു വിശ്വാസം കണ്ടെത്താൻ സാധിക്കുമോ എന്ന് ഈശോ ചോദിക്കുമ്പോൾ നമ്മൾ അസ്വസ്ഥരാകാം. ഈശോതന്നെയാണ് ഇങ്ങനെ ചോദിക്കുന്നതെന്ന് മറക്കുന്നതുകൊണ്ടാണ് അസ്വസ്ഥത കടന്നുവരുന്നത്. ശരിക്കും, കർത്താവിന്റെ വാക്കുകൾ എപ്പോഴും സദ്വാർത്തയാണ്; നിത്യരക്ഷയുടെ ആനന്ദദായകമായ പ്രഘോഷണമാണ്. പിതാവിൽനിന്നു പുത്രൻവഴി റൂഹാദ്ക്കുദിശായുടെ ശക്തിയാൽ നമ്മൾ സ്വീകരിക്കുന്ന നിത്യജീവന്റെ സമ്മാനമാണ് മനുഷ്യരക്ഷ.

പ്രിയസ്നേഹിതരേ, ഇക്കാരണത്താൽത്തന്നെയാണ് മിശിഹാ തന്റെ ശിഷ്യന്മാരോട് മടുപ്പുതോന്നാതെ നിരന്തരം പ്രാർത്ഥിക്കണമെന്നു പറയുന്നത് (ലൂക്കാ 18:1). ശ്വസിക്കുന്നതുകൊണ്ട് നമ്മളാരും മടുക്കുന്നില്ലാത്തതുപോലെ, പ്രാർഥനയും നമ്മെ മടുപ്പിക്കരുത്. ശരീരത്തിന്റെ ജീവൻ ശ്വാസോച്ഛ്വാസം നിലനിർത്തുന്നതുപോലെ പ്രാർഥന ആത്മാവിന്റെ ജീവൻ നിലനിർത്തുന്നു. വിശ്വാസം തീർച്ചയായും പ്രാർഥനയിലാണ് പ്രകടമാകുന്നത്. യഥാർഥപ്രാർത്ഥനയെ പരിപോഷിപ്പിക്കുന്നത് വിശ്വാസമാണ്.

ഈശോ ഒരുപമയിലൂടെ പ്രാർഥനയും വിശ്വാസവുമായുള്ള ഈ ബന്ധം വിശദമാക്കുന്നു. ഒരു വിധവയുടെ ആവർത്തിച്ചുള്ള അഭ്യർഥനകൾക്ക് ഒരു ന്യായാധിപൻ ചെവികൊടുത്തില്ല. എങ്കിലും അവളുടെ തുടർച്ചയായ അപേക്ഷ അവസാനം അയാൾ ശ്രദ്ധിക്കുകയും അവളുടെ ആവശ്യം സാധിച്ചുകൊടുക്കുകയും ചെയ്തു.

ആദ്യനോട്ടത്തിൽ വിധവയുടെ ഇപ്രകാരമുള്ള നിർബന്ധബുദ്ധി നമ്മുടെ വേദനയുടെയും കഷ്ടപ്പാടുകളുടെയും കാലത്ത് പ്രത്യാശയുടെ സുന്ദരസന്ദർഭമായി നമ്മുടെ മനസ്സിൽ തെളിയും. എങ്കിലും, വിധവയുടെ നിരന്തരമായ അഭ്യർഥനയും മനസ്സില്ലാമനസ്സോടെ തന്റെ കടമ നിർവഹിക്കുന്ന ന്യായാധിപന്റെ മനോഭാവവും ഈശോയുടെ ഭാഗത്തുനിന്ന് പ്രകോപനപരമെന്നു തോന്നാവുന്ന മറ്റൊരുചോദ്യത്തിന് അവസരമൊരുക്കുന്നു: “രാപകൽ എന്നോടു നിലവിളിക്കുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ദൈവം കൂടുതലായി നീതി നടത്തുകില്ലേ?” (ലൂക്കാ 18:7).

ഈ ചോദ്യത്തിന്റെ മാറ്റൊലി നമ്മുടെ ഹൃദയത്തിൽ മുഴങ്ങുവാൻ നമുക്ക് അനുവദിക്കാം. ദൈവം എല്ലാവരോടും നീതി പുലർത്തുന്ന ന്യായാധിപനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ എന്നാണ് കർത്താവിന്റെ ചോദ്യം. ഓരോരുത്തരുടെയും നിത്യരക്ഷയും നമ്മുടെ എല്ലാവരുടെയും നന്മയും എപ്പോഴും കാംക്ഷിക്കുന്ന പിതാവിൽ വിശ്വസിക്കുന്നുവോ എന്നാണ് ദൈവപുത്രൻ നമ്മോടു ചോദിക്കുന്നത്. ഇതു സംബന്ധിച്ച് രണ്ടു പ്രലോഭനങ്ങൾ നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുന്നു. ഒന്നാമത്തേത്, നിഷ്കളങ്കരുടെ സഹനത്തിൽ സഹതപിക്കാത്തവനും അടിച്ചമർത്തപ്പെട്ടവരുടെ നിലവിളി കേൾക്കാത്തവനുമാണ് ദൈവമെന്നു തോന്നിപ്പിക്കുന്ന തിന്മയുടെ ഇടർച്ചയുടെ സാന്നിധ്യത്തിന്റെ പിൻബലത്തോടെ വിശ്വാസത്തിനെതിരേ നമ്മൾ നേരിടുന്ന പ്രലോഭനം. രണ്ടാമത്തേത് ദൈവം നമ്മുടെ ഇഷ്ടാനുസരണം വർത്തിക്കണമെന്ന ചിന്തയാണ്. എപ്രകാരമാണ് നീതിയോടും ഫലപ്രദമായും കാര്യങ്ങൾ നടത്തേണ്ടതെന്നു ദൈവത്തെ പഠിപ്പിക്കുന്ന നിർദേശങ്ങൾക്കു പ്രാർഥന വഴിമാറുന്നു!

പുത്രസഹജമായ ആശ്രയബോധത്തിന്റെ സമ്പൂർണസാക്ഷ്യമായ ഈശോനാഥൻ ഈ രണ്ടു പ്രലോഭനങ്ങളിൽനിന്നും നമ്മെ മോചിപ്പിക്കുന്നു. പീഡാസഹനത്തിന്റെ സമയത്ത് ‘പിതാവേ, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ’ (ലൂക്കാ 22:44) എന്നു പ്രാർഥിക്കുന്ന കളങ്കരഹിതനാണ് അവിടുന്ന്. ദിവ്യഗുരു ‘സ്വർഗസ്ഥനായ പിതാവേ’ എന്ന പ്രാർത്ഥനയിൽ ഈ വാക്കുകൾ ചേർത്തിട്ടുണ്ട്.

എന്തുതന്നെ സംഭവിച്ചാലും ഈശോ പുത്രനെന്ന നിലയിൽ പിതാവിന് എല്ലാം കയ്യാളിച്ചു എന്നു നമ്മൾ മറക്കരുത്. അതിനാൽ നമ്മൾ ഈശോയുടെ നാമത്തിൽ സഹോദരീസഹോദരന്മാരാണ്. ‘കർത്താവേ, അങ്ങ് എവിടെ’ എന്ന് നമ്മൾ നിലവിളിക്കുമ്പോൾ, അതൊരു പ്രാർഥനയായി നമുക്കു പരിണമിപ്പിക്കാം. നിഷ്കളങ്കന്റെ സഹനത്തിൽ ദൈവം സന്നിഹിതനാണെന്ന് അപ്പോൾ നമ്മൾ തിരിച്ചറിയും. മിശിഹായുടെ കുരിശ് ദൈവത്തിന്റെ നീതി വെളിവാക്കുന്നു. ദൈവത്തിന്റെ നീതി പാപപ്പൊറുതിയാണ്. അവിടുന്ന് തിന്മ കാണുമ്പോൾ അത് തന്റെമേൽ ഏറ്റെടുത്തുകൊണ്ട് അതിനെ വീണ്ടെടുക്കുന്നു. വിദ്വേഷവും യുദ്ധവും അക്രമവും സഹനവുംവഴി നമ്മൾ ‘ക്രൂശിക്കപ്പെടു’മ്പോൾ മിശിഹാ നമ്മോടൊപ്പം കുരിശിന്മേലുണ്ട്. കർത്താവ് ആശ്വസിപ്പിക്കാത്ത ഒരു വിലാപവുമില്ല. ഒരു കണ്ണുനീർത്തുള്ളിയും മിശിഹായുടെ ഹൃദയത്തെ സ്പർശിക്കാതിരിക്കില്ല. കർത്താവ് നമ്മെ ശ്രവിക്കുന്നു; നമ്മളായിരിക്കുന്ന അവസ്ഥയിൽ നമ്മെ ആശ്ലേഷിക്കുകയും അവിടുന്നായിരിക്കുന്നതുപോലെ നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ കാരുണ്യം തിരസ്കരിക്കുന്നവർ തങ്ങളുടെ അയൽക്കാരോട് കരുണ കാണിക്കാൻ അപ്രാപ്യരായി മാറുന്നു. സമാധാനം ദൈവദാനമായി കാണാത്തവന് സമാധാനം നൽകുവാൻ കഴിവില്ല.

പ്രിയപ്പെട്ട സ്നേഹിതരേ, ഈശോയുടെ ചോദ്യങ്ങൾ പ്രത്യാശയിലേക്കും പ്രവർത്തനങ്ങളിലേക്കും നമ്മെ നയിക്കുന്ന ശക്തമായ ആഹ്വാനങ്ങളാണ്. മനുഷ്യപുത്രൻ വരുമ്പോൾ ദൈവപരിപാലനയിലുള്ള വിശ്വാസം കണ്ടെത്തുമോ? എല്ലാം തലേലെഴുത്താണെന്ന സിദ്ധാന്തത്തിൽനിന്നു നമ്മളെ മോചിപ്പിച്ച് ദൈവം ലോകത്തെ സ്നേഹത്താൽ രക്ഷിക്കുന്നു എന്നു മനസ്സിലാക്കുമ്പോൾ വിശ്വാസമാണ് നമ്മുടെ നീതിക്കുവേണ്ടിയുള്ള ദാഹത്തിന് അടിസ്ഥാനമെന്നു നമുക്കു ബോധ്യപ്പെടും. ക്ലേശിതരുടെ നിലവിളി കേൾക്കുമ്പോൾ മിശിഹായെപ്പോലെ നമ്മളും പിതാവായ ദൈവത്തിന്റെ സ്നേഹത്തിനു സാക്ഷികളാണോയെന്നു സ്വയം ചോദിക്കണം. എളിയവനായ മിശിഹാ ധിക്കാരികളെ മനഃപരിവർത്തനത്തിലേക്കു ക്ഷണിക്കുന്നു. അവിടുന്ന് നമ്മളെ നീതീകരിക്കുന്ന നീതിമാനാണ്.

ഇതെല്ലാം ഈ പുതിയ വിശുദ്ധരിൽ ദൃശ്യമാണ്. അവർ ഏതെങ്കിലും ലൗകികാദർശത്തിന്റെ വീരനായകന്മാരല്ല. പിന്നെയോ തനി ദൈവികമനുഷ്യരാണ്. മിശിഹായുടെ സ്നേഹിതർ.

അവരുടെ മാധ്യസ്ഥ്യം പരീക്ഷകളിൽ നമ്മെ സഹായിക്കുകയും അവരുടെ മാതൃക വിശുദ്ധിയിലേക്കുള്ള വിളിയിൽ നമുക്കു പ്രചോദനമാവുകയും ചെയ്യട്ടെ. ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ. നമുക്ക് ഇടമുറിയാതെ പ്രാർഥിക്കാം. നമ്മൾ മനസ്സിലാക്കുകയും ഉറച്ചു വിശ്വസിക്കുകയും ചെയ്ത കാര്യങ്ങളിൽ തുടരുകയും ചെയ്യാം (2 തിമോ. 3:14) അപ്രകാരം ഭൂമിയിൽ, വിശ്വാസം നമ്മെ സ്വർഗത്തിലുള്ള പ്രത്യാശയിൽ നിലനിർത്തട്ടെ. ■

**കുഞ്ഞിക്കവിതകൾ**
**കാഞ്ചിയാർ മോഹനൻ**

## കാര്യസാധ്യം

പെട്ടെന്നൊരുവൻ
സ്നേഹിച്ചീടിൽ
പിന്നിലതെന്തോ
ഒളിവതു സത്യം.

## യാഥാർത്ഥ്യം

കാള പെറ്റെന്നു കേട്ടാൽ
കയറെടുക്കരു-
തെന്നാപ്തവാക്യം
കയറെടുക്കുന്നില്ലിപ്പോൾ
കറക്കുവാൻ
പാത്രമെടുക്കുന്നു.

## അർഹത

കൂടുന്നതു തേടുക
തേടുന്നതു നേടുക.

## തെറ്റും ശരിയും

നൂറു ശരികൾക്കിടയിൽ
ഒരു തെറ്റുണ്ടായാൽ
തെറ്റിനാകും വലുപ്പം.
നൂറു
തെറ്റുകൾക്കിടിയിൽ
ഒരു ശരിയുണ്ടായാലും
തെറ്റുതന്നെയാവും
മുമ്പൻ......

## പണം

പണമില്ലാത്തോനും
പണിയില്ലാത്തോനും
പിണമത്രേ.........?

## കഷ്ടത

പട്ടിണിയറിഞ്ഞവനേ
കഷ്ടതയറിയൂ
കഷ്ടതയറിഞ്ഞവനേ
ദൈന്യതയുമറിയൂ

Deepanalam Weekly
RNI No : 16998/68
Vol. 58 No. 34 Date of Publication 23 October 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




36 വർഷത്തെ സേവനപാരമ്പര്യം
# നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Ph: 9495195739
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes

1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org